# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 27 – ാം വാർഷിക പൊതുയോഗം

## 2018 ജൂലൈ 7 ശനിയാഴ്ച 2 p.m.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 27–ാമത് വാർഷിക പൊതുയോഗം 2017 ജൂലൈ 7–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് പി.ഒ.സി.യിൽവച്ച് നടത്തപ്പെടുന്നതാണ്. സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ അബ്രഹാം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിലായിരിക്കും പൊതുയോഗം.

## കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം - **ശ്രീ. ആന്റണി പാലിമറ്റം** (വൈസ് ചെയർമാൻ, കെ.സി.ബി.എസ്.)
3. അനുസ്മരണ പ്രാർത്ഥനാശുശ്രൂഷ
4. അധ്യക്ഷപ്രസംഗം - **മോസ്റ്റ് റവ. ഡോ. അബ്രഹാം മാർ യൂലിയോസ്** (ചെയർമാൻ, കെ.സി.ബി.എസ്.)
5. റിപ്പോർട്ടുകൾ - **റവ. ഡോ. ജോൺസൺ പുതുശ്ശേരി CST** (സെക്രട്ടറി, കെ.സി.ബി.എസ്.)
6. വാർഷിക കണക്കുകൾ - **റവ. സി. ആഗ്നസ്സ് സി.റ്റി.സി.** (ട്രഷറർ, കെ.സി.ബി.എസ്.)
7. ചർച്ച
8. ഓഡിറ്ററുടെ നിയമനം
9. നന്ദി - **ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ** (ജോയിന്റ് സെക്രട്ടറി, കെ.സി.ബി.എസ്.)

**ശ്രീ. ആന്റണി പാലിമറ്റം**
വൈസ് ചെയർമാൻ

**റവ. ഡോ. ജോൺസൺ പുതുശ്ശേരി CST**
സെക്രട്ടറി

**റവ. സി. ആഗ്നസ്സ് C.T.C.**
ട്രഷറർ

**ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ**
ജോ. സെക്രട്ടറി

# ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർത്ഥന


*വചനത്താൽ സർവ്വവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്ത്വം.*

*'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽ നിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽ നിന്നു നന്മയുടെ തീരങ്ങളിലേക്കും ദു:ഖദുരിതങ്ങളുടെ മരുഭൂമിയിൽ നിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളെന്ന നിലയിൽ ഞങ്ങളുടെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ഞങ്ങൾക്കു കഴിയട്ടെ. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സാരഥികളിലും വചനപ്രചോദിതമായ ഉണർവ്വും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. തിരുവചനോപാസകരായി, പരസ്നേഹനിർഭരരായി സഭയിലും ലോകത്തിലും ഞങ്ങൾ വളരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.*

# 2017 ഡിസംബർ 31 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിച്ച സർക്കുലർ



കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കേരളകത്തോലിക്കാസഭ ദൈവവചനപാരായണത്തിനായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന മാസമാണ് ഡിസംബർ. മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവി ആചരിക്കുന്ന ഡിസംബർ മാസം വചനപാരായണമാസമായി ആചരിക്കുന്നത് തികച്ചും ഉചിതംതന്നെ. യേശുവിനെ നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കുടുംബത്തിലേക്കും സ്വീകരിക്കാൻ ആത്മീയമായി ഒരുങ്ങുന്നതിന് അതു സഹായിക്കുന്നു.

മനുഷ്യനോടു സംവദിക്കുന്ന ദൈവം പൂർണമായി സ്വയം വെളിപ്പെടുത്തുന്നതാണല്ലോ യേശുവിന്റെ മനുഷ്യാവതാരം (ഹെബ്രാ 1,2). മനുഷ്യകുലത്തിന്റെമുഴുവൻ രക്ഷകനായാണ് യേശു ജനിക്കുന്നത് (ലൂക്കാ 2,10-11). മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്തുന്ന അവിടന്ന് ഏവരെയും ഒരേയൊരു കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്നു (യോഹ 17,20-23). നമ്മുടെയിടയിൽ കൂടാരമടിച്ച യേശുവാകുന്ന വചനം (യോഹ 1,14) മനുഷ്യകുലത്തിന്റെ മുഴുവൻ ഐക്യത്തിനും നിദാനമാകുന്നതുപോലെതന്നെ, 'എഴുതപ്പെട്ട വചനവും' നമ്മെ നയിക്കുന്നത് സമഗ്രമായ ഐക്യത്തിലേക്കാണ്. വിവിധ വിഘടനവാദങ്ങൾ നമ്മുടെ സമൂഹത്തിൽ പെരുകുകയും മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള പാരസ്പര്യങ്ങൾ താളംതെറ്റുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ 'ഐക്യത്തിലേക്കും സ്വാരസ്യത്തിലേക്കും (harmony) നയിക്കുന്ന ദൈവവചനം' നമുക്ക് വിചിന്തനവിഷയമാക്കാം.

**ദൈവവചനവും സൃഷ്ടിയിലെ സ്വാരസ്യവും**

ദൈവവചനമാണല്ലോ സൃഷ്ടിയുടെ നിദാനം. 'ഉണ്ടാകട്ടെ'യെന്ന് ദൈവം അരുൾചെയ്യുമ്പോൾ സർവസൃഷ്ടിജാലങ്ങളും മനുഷ്യനും ഉണ്മയിലേക്കു പ്രവേശിക്കുന്നത് ഉത്പത്തിഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ നാം വായിക്കുന്നുണ്ട് (ഉത്പ 1,3). ഓരോ സൃഷ്ടി കഴിയുമ്പോൾ 'നന്നായിരിക്കുന്നു' എന്നും സൃഷ്ടിയുടെയെല്ലാം അവസാനം 'വളരെ നന്നായിരിക്കുന്നു' (ഉത്പ 1,31) എന്നും ദൈവം പറയുന്നു. ദൈവത്തിന്റെ ഈ പ്രഖ്യാപനം, അവിടന്ന് രൂപംകൊടുത്ത പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന നന്മയുടെയും പൂർണതയുടെയും സൂചനകൂടിയാണ്. ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ഐക്യവും പരസ്പരബന്ധവും തന്നെയാണല്ലോ ബൈബിളിന്റെ ആദ്യ താളുകളിലെ പ്രധാന പ്രമേയം.

ദൈവവുമായുള്ള സാമീപ്യമായിരുന്നു ഈ ഐക്യത്തിന്റെ കാതൽ. മനുഷ്യനുവേണ്ടി സൃഷ്ടിച്ച തോട്ടത്തിൽ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രം, ആദിയിലുണ്ടായിരുന്ന ഐക്യത്തിന്റെ നേർക്കാഴ്ചയാണ്. എന്നാൽ, മനുഷ്യൻ പാപംചെയ്ത് ഈ ദൈവസാന്നിധ്യത്തിൽനിന്ന് ഓടിയകന്ന്, മരങ്ങൾക്കിടയിലൊളിക്കുന്നത് ഉത്പത്തിഗ്രന്ഥകാരൻ വിവരിക്കുന്നു (ഉത്പ 3,8). ഇവിടെ ദൈവ-മനുഷ്യബന്ധം മുറിയുക മാത്രമല്ല, പ്രപഞ്ചം മുഴുവനിലുമുള്ള പാരസ്പര്യം നഷ്ടപ്പെടുകയുമാണു ചെയ്യുന്നത്. ഈ താളം നഷ്ടപ്പെടുന്നതിന്റെ വിവരണമാണ് കായേന്റെ കഥ. 'സഹോദരന്റെ കാവല്ക്കാരനാണോ ഞാൻ?' എന്ന കായേന്റെ ചോദ്യം സമൂഹത്തിലെ ബന്ധങ്ങൾ തകരുന്നതിന്റെ മുഴക്കംതന്നെയാണല്ലോ. 'മണ്ണു നിനക്ക് ഫലംതരുകയില്ല' (ഉത്പ 4,12) എന്നു കർത്താവ് കായേനോടു പറയുമ്പോൾ, 'എല്ലാം നന്നായിരിക്കുന്നു'വെന്ന് അവിടന്ന് ആദ്യം വിശേഷിപ്പിച്ച നല്ല നാളുകൾ അപ്രത്യക്ഷമായി എന്നു നാം വേദനയോടെ തിരിച്ചറിയുന്നു. ആദിമാതാപിതാക്കന്മാർ ദൈവവചനത്തിനു ചെവികൊ

ടുക്കാതിരുന്നപ്പോൾ സൃഷ്ടിയിലുണ്ടായിരുന്ന സന്തോഷവും സമാധാനവും സന്തുലിതത്വവും അപ്രത്യക്ഷമാകുന്നു.

പക്ഷേ, തന്റെ വചനം തിരസ്കരിച്ച മനുഷ്യനെ ദൈവം കൈവെടിയുന്നില്ല. നഷ്ടപ്പെട്ട ബന്ധങ്ങളും ഐക്യവും വീണ്ടെടുക്കാനായി, അവിടന്ന് മനുഷ്യരോദനങ്ങളുടെ ഇടയിലേക്ക് രക്ഷയുടെ വചനങ്ങളുമായി കടന്നു വരുന്നു: “ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു . . . രോദനം ഞാൻ കേട്ടു” (പുറ 3,7). “ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ ബഹുമാനാർഥം പൂജാമഹോത്സവം ആഘോഷിക്കാൻ ജനത്തെ വിട്ടയയ്ക്കാൻ” (പുറ 5,1) കർത്താവു പറഞ്ഞതനുസരിച്ച് മോശയും അഹറോനും ഫറവോയോട് ആവശ്യപ്പെടുമ്പോൾ, ദൈവ–മനുഷ്യബന്ധത്തിന്റെ വീണ്ടെടുപ്പിലേക്കും സന്തോഷത്തിന്റെ നാട്ടിലേക്കും ദൈവം തന്റെ ജനത്തെ ആനയിക്കുന്നുവെന്നു നാം മനസ്സിലാക്കുന്നു. ദൈവ–മനുഷ്യ–പ്രപഞ്ചബന്ധങ്ങളിലെ താളവും ഐക്യവും പുനഃസ്ഥാപിക്കാൻ ദൈവവചനം കടന്നുവരുന്നത് പഴയനിയമത്തിലുടനീളം നാം കാണുന്നുണ്ട്. തിന്മയുടെ പിടിയിലമർന്ന് വെറും അസ്ഥിക്കൂമ്പാരമായിത്തീർന്ന ഇസ്രായേൽ ജനത്തോട് “വരണ്ട അസ്ഥികളേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ . . . നിങ്ങൾ ജീവിക്കു”മെന്ന് (എസെ 37,4–5) എസെക്കിയേൽ പ്രവാചകൻ പറയുന്ന വാക്കുകൾ, ഏതു ദയനീയാവസ്ഥയിലും ജീവനേകി, സമഗ്രമായ സൗഭാഗ്യം നല്കാൻ ദൈവവചനത്തിനു കഴിയുമെന്ന പ്രഖ്യാപനംതന്നെയാണ്.

**ദൈവവചനവും ഐക്യവും**

മാംസംധരിച്ച വചനമായ യേശുവിന്റെ വരവോടുകൂടെ മനുഷ്യനു നഷ്ടപ്പെട്ട ‘പറുദീസ’യെക്കുറിച്ചുള്ള പ്രതീക്ഷകൾ വീണ്ടും കിളിർക്കുന്നു. ‘ദൈവരാജ്യം സമാഗതമായി’ (മർക്കോ 1,15) എന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. ദൈവസാന്നിധ്യവും എല്ലാ നന്മകളും നിറഞ്ഞുനില്ക്കുകയും അവിടന്ന് വീണ്ടെടുക്കുകയും ചെയ്യുന്ന മനുഷ്യസമൂഹത്തിനു നല്കുന്ന പേരാണ് ‘ദൈവരാജ്യം’ എന്നു പറയാം.

യേശുവിന്റെ ദൈവരാജ്യപ്രഘോഷണത്തിനു പിന്നിലെ ശക്തിസ്രോതസ് അവിടത്തെ ‘അബ്ബാ’ അനുഭവമായിരുന്നു. ‘വത്സലപിതാവ്’ എന്നർഥമുള്ള ‘അബ്ബാ’ എന്ന പദത്തിലൂടെ ദൈവ–മനുഷ്യബന്ധത്തിന്റെ മൗലിക സ്വഭാവം യേശു വെളിപ്പെടുത്തി. എല്ലാ മനുഷ്യരും പിതാവായ ദൈവത്തിന്റെ മക്കളാണെന്ന ഈ കാഴ്ചപ്പാടുതന്നെയാണ് ക്രൈസ്തവ സാമൂഹികദർശനത്തിന്റെ അടിത്തറ. ദൈവരാജ്യമെന്ന കുടുംബത്തിലേക്ക് ഏവരെയും ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ ദൗത്യം ആരംഭിക്കുന്നത്: “കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു” (ലൂക്കാ 4,18–19). പരിത്യജിക്കപ്പെട്ടവർ ആരുമില്ലെന്നതാണ് യേശു പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ സദ്വാർത്തയുടെ സവിശേഷത.

യേശുവിന്റെ പ്രഘോഷണത്തിലെന്നപോലെ, പ്രവർത്തനങ്ങളുടെയും പ്രധാന ലക്ഷ്യം ഓരോ വ്യക്തിയിലെയും സന്തുലിതാവസ്ഥ വീണ്ടെടുത്ത്, അവരെ കൂട്ടായ്മയിൽ ഒന്നിപ്പിക്കുകയായിരുന്നു. അവിടത്തെ പ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിക്കുന്ന രോഗശാന്തികളിൽ ഇത് ഏറെ പ്രകടമാണ്. സൗഖ്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്കുപദങ്ങൾ ‘രോഗങ്ങളിൽനിന്ന് വിമുക്തി നല്കുക’ എന്നതിലുപരി ‘പൂർണമാക്കുക’, ‘സന്തുലിതാവസ്ഥ വീണ്ടെടുക്കുക’ എന്നാണ് അർഥമാക്കുന്നത്. യേശു നല്കുന്ന സമഗ്രമായ ഈ സൗഖ്യത്തിന് ഉത്തമോദാഹരണമാണ് ശവ

കുടീരങ്ങൾക്കിടയിൽ വസിച്ചിരുന്ന പിശാചുബാധിതനെ സുഖപ്പെടുത്തുന്ന സംഭവം (മർക്കോ 5,1–20). സൗഖ്യം നേടിയവൻ സമൂഹത്തിന്റെ കൂട്ടായ്മയിലേക്ക് സ്വീകരിക്കപ്പെടുന്നു എന്നു വ്യക്തമാക്കാനായി അവൻ വസ്ത്രംധരിച്ച് സുബോധത്തോടെയിരിക്കുന്നത് (5,15) സുവിശേഷകൻ ഇവിടെ വിവരിക്കുന്നു. ഇതേ പ്രമേയം കാനാൻകാരിയുടെ മകളെയും (മത്താ 15,21–29) ശതാധിപന്റെ ഭൃത്യനെയും (മത്താ 8,5–13) സുഖപ്പെടുത്തുന്നിടത്തും കാണാവുന്നതാണ്.

ദൈവവുമായി ഏവരെയും ഐക്യപ്പെടുത്തി, സ്നേഹത്തിൽ പരസ്പരം ഒരുമിപ്പിക്കുകയാണ് 'വചനം മാംസം ധരിച്ചതിന്റെ' ലക്ഷ്യം. സഹോദരർക്കു നല്കുന്ന പരിധികളില്ലാത്ത പരിഗണനയും സ്നേഹവും യേശുവിന്റെ പ്രബോധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ജീവനാഡിയായിരുന്നു (ലൂക്കാ 6,27–36; 10,25–37; യോഹ 13,34; 15,12; ഗലാ 5,14; യാക്കോ 2,8; 1 യോഹ 3,23). യേശുകൊണ്ടുവരുന്ന സമഗ്രക്ഷേമവും സുസ്ഥിതിയും കൂട്ടായ്മയുമാണ് യേശുവിന്റെ ജനനവേളയിൽ ദൈവദൂതർ ഉദ്ഘോഷിച്ച 'സമാധാനം' (ലൂക്കാ 2,14). കൂപ്പുകരങ്ങളോടെ നാമിന്നു പ്രാർഥിക്കുന്നതും ഈ സമാധാനത്തിനുവേണ്ടിയാണ്.

**വചനത്തിൽ ഒന്നിക്കുന്ന കേരളസഭ**

കേരളസഭ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ളതാണെങ്കിലും പരസ്പര സഹവർത്തിത്വത്തിലും കൂട്ടായ്മയിലും ആഗോളസഭയ്ക്കുതന്നെ മാതൃകയാണ്. കെ.സി.ബി.സി.യുടെ കീഴിലുള്ള ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള വചനപ്രേഷിതത്വത്തിൽ ഈ ഐക്യം ഏറെ പ്രകടമാണ്. ദൈവവചനം തന്നെയാണല്ലോ നമ്മെ ഒരുമിപ്പിക്കുന്ന പ്രധാനഘടകം.

കേരളസഭ കൂട്ടായ യത്നംവഴി ഇറക്കിയിട്ടുള്ള മലയാളം പി.ഒ.സി. ബൈബിൾ മൂന്നു സഭകളും തമ്മിലുള്ള സഹവർത്തിത്വത്തിന്റെയും ഐക്യത്തിന്റെയും ഒരു ഐക്കൺ തന്നെയായി മാറിക്കഴിഞ്ഞു. മൂന്നു സഭകളിലുമുള്ളവർചേർന്ന് ഇറക്കിയ പരിഭാഷ, മൂലഗ്രന്ഥങ്ങളെ ആധാരമാക്കി കൂടുതൽ പണ്ഡിതരുടെ സഹകരണത്തോടെ കഴിയുന്നത്ര വിശ്വസ്തതയോടെയും ആധികാരികതയോടെയും പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി അഹോരാത്രം, നിസ്വാർഥമായി അധ്വാനിക്കുന്ന ഏവരെയും നന്ദിയോടെ നമുക്കു സ്മരിക്കാം. പുതിയനിയമം വിശദീകരണക്കുറിപ്പുകളോടെ 'പഠനബൈബിളാ'യി പി.ഒ.സി.യിൽനിന്ന് പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഏവരും സ്വന്തമാക്കേണ്ടതാണ് ഈ പഠനബൈബിൾ.

കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായപ്രവർത്തനത്തിന്റെയും അഭിമാനാർഹമായ മറ്റൊരു സാക്ഷ്യമാണ് ആഗോളതലത്തിൽത്തന്നെ പ്രശംസപിടിച്ചുപറ്റിയ ലോഗോസ് ക്വിസ്. വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു എന്നതാണ് ഈ വചനോപാസനയുടെ പ്രത്യേകത. സെപ്റ്റംബർമാസം അവസാനം നടത്താറുള്ള ഇതിന്റെ ആദ്യതലപരീക്ഷയിൽ കേരളത്തിനകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് വചനസ്നേഹികളാണ് പങ്കുചേരുന്നത്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ മത്സരം നടക്കുന്നു. വിദേശത്തുള്ള രൂപതകളും ഭിന്നശേഷിയുള്ളവരും ഇതിൽ പങ്കുചേരാൻ താത്പര്യം പ്രകടിപ്പിക്കുന്നത് ദൈവവചനത്തിന് എല്ലാ അതിരുകൾക്കപ്പുറമുള്ളവരെയും ഒന്നിപ്പിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യംതന്നെയാണ്.

വചനശുശ്രൂഷയിൽ സമൂഹത്തിലെ എല്ലാവരെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്നു എന്നതിന് ബധിര–മൂകർക്കായി തയ്യാറാക്കിയിരിക്കുന്ന സൈൻബൈബിൾ ബൈബിൾ കമ്മീഷന് അഭിമാനത്തോടെ ഉയർത്തിപ്പിടിക്കാൻ കഴിയും. ഇതിന്റെ തുടർചലനങ്ങളെന്നപോലെ, കേരളസഭയിൽ ഭിന്നശേഷിയുള്ളവർക്കായുള്ള ശുശ്രൂഷ ശക്തിയാർജി

ക്കുന്നുവെന്നത് സന്തോഷജനകമാണ്. 2018–ലെ മെത്രാൻ സിനഡിൽ യുവജനങ്ങളുടെ വിശ്വാസജീവിതമാണല്ലോ പ്രധാന ചർച്ചാവിഷയം. ഹൈ–ടെക് യുഗത്തിൽ ജീവിക്കുന്ന യുവജനങ്ങളെ ദൈവവചനത്തിലേക്ക് ആകർഷിക്കാനുള്ള പുതിയ പദ്ധതികളും കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. ബൈബിൾ പ്രമേയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഹ്രസ്വചിത്രമത്സരം ഇതിന് ഒരു ഉദാഹരണമാണ്. വിവിധ രൂപതകളിൽ ഇതിനു സമാനമായ പരിപാടികൾ ബൈബിൾ അപ്പോസ്തലേറ്റിന്റെകീഴിൽ നടക്കുന്നുണ്ട് എന്നും ഇവിടെ സന്തോഷപൂർവം അനുസ്മരിക്കുന്നു.

വചനപാരായണമാസമായ ഡിസംബറിൽ ഈ വർഷം കേരളത്തിന്റെ തെക്കേയറ്റത്തുള്ള രൂപതയായ പാറശ്ശാല മുതൽ വിവിധയിടങ്ങളിൽ ബൈബിൾ കമ്മീഷന്റെയും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ അഖണ്ഡബൈബിൾപാരായണം സംഘടിപ്പിക്കുന്നുണ്ട്. വചനപാരായണമാസവുമായി ബന്ധപ്പെട്ട് രൂപതകളിൽ നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഇതു ലക്ഷ്യം വയ്ക്കുന്നത്. എല്ലാ ഇടവകകളിലും ഡിസംബർമാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യുമല്ലോ. അതുപോലെതന്നെ, എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കേണ്ടതാണ്. യേശുനാഥനെ അടുത്തറിയാനും അടുത്തറിയുന്നതുവഴി ആഴത്തിൽ സ്നേഹിക്കാനും സ്നേഹിക്കുന്ന നാഥനിൽ ഒന്നായിത്തീരാനും നമ്മെ പ്രചോദിപ്പിക്കുകയാണ് വചനപാരായണത്തിന്റെ പ്രധാന ലക്ഷ്യം.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ബൈബിൾ പഠിക്കാൻ മുന്നോട്ടുവരുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നത് ഏറെ സന്തോഷജനകമാണ്. പല രൂപതകളും സ്തുത്യർഹമാംവിധം ബൈബിൾ കോഴ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. എങ്കിലും, ബൈബിൾ പഠനത്തിന് വേദികളൊരുക്കാൻ ഇടവകകൾ ഇനിയും മുന്നോട്ടുവരേണ്ടതുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു ചേരാവുന്ന പാഠ്യപദ്ധതിയാണ് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. വചനം കൂടുതൽ അടുത്തറിയുന്നതുവഴി, മാംസംധരിച്ച വചനത്തെ കൂടുതൽ സ്നേഹിക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

ഡിസംബർമാസം അവസാന ഞായർ ബൈബിൾഞായറായി ആചരിക്കണമെന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് ഈ വർഷം ഡിസംബർ 31–ാം തീയതി ബൈബിൾ ഞായറായി സഭ ആചരിക്കുകയാണ്. ബൈബിൾ ഞായറാഴ്ച നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബിൾ പ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനത്തിൽ ആഴപ്പെട്ട് ഐക്യത്തിന്റെ കണ്ണികൾ സമൂഹത്തിൽ സുദൃഢമാക്കാൻ ആഹ്വാനംചെയ്തുകൊണ്ടും മനുഷ്യനായി അവതരിച്ച ദൈവമായ യേശുവിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ്പ് മോസ്റ്റ് റവ. ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മോസ്റ്റ് റവ. ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2017 – 2018 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990–ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 27 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 27–ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

**യോഗങ്ങൾ**

2017–2018 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (08 ജൂലൈ 2017) 3 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (01 ജൂലൈ 2017; 21 ആഗസ്റ്റ് 2017; 14 ഒക്ടോബർ 2017) 4 മാനേജിംഗ് കൗൺസിൽ യോഗങ്ങളും (04 മെയ് 2017; 01 ജൂലൈ 2017; 14 ഒക്ടോബർ 2017; 15 ഫെബ്രുവരി 2018) ചേർന്നു.

**1. മാനേജിംഗ് കൗൺസിൽ യോഗം 04 മെയ് 2017**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിലിന്റെ യോഗം 4–5–2017 വ്യാഴാഴ്ച 3 മണിക്ക് ചെയർമാൻ മോസ്റ്റ് റവ. ഡോ. എബ്രാഹം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീമതി ടെറസിറ്റ ക്ലീറ്റസ് നയിച്ച പ്രാർഥനയോടെ യോഗം ആരംഭിച്ചു.

യോഗത്തിലേക്ക് സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി എല്ലാവർക്കും സ്വാഗതം ആശംസിച്ചു സംസാരിച്ചു. കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും സൊസൈറ്റിയുടെയും പ്രവർത്തനങ്ങളെക്കുറിച്ച് ദീർഘമായ ലേഖനം കാത്തലിക് ബിബ്ളിക്കൽ ഫെഡറേഷന്റെ അന്തർദേശീയ മാസികയിൽ ഇംഗ്ലീഷ്, ജർമൻ, സ്പാനിഷ് ഭാഷകളിൽ പ്രസിദ്ധീകരിച്ചുവെന്നും നാം ബൈബിൾ മേഖലയിൽ ചെയ്യുന്ന കാര്യങ്ങൾ മറ്റു രാജ്യങ്ങളിലുള്ളവർക്ക് പ്രചോദനം നൽകുവാൻ ഇത് ഇടയാക്കുമെന്നും അച്ചൻ തന്റെ സ്വാഗതപ്രസംഗത്തിൽ സൂചിപ്പിച്ചു.

അഭിവന്ദ്യപിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിലുള്ള സംതൃപ്തി രേഖപ്പെടുത്തുകയും ബൈബിൾ സംബന്ധമായ പ്രവർത്തനങ്ങളെല്ലാം എല്ലാവരുടെയും സഹകരണംകൊണ്ട് നല്ല രീതിയിൽ മുന്നോട്ടുപോകുന്നതായി കാണുന്നുവെന്നും പറഞ്ഞു. നമ്മുടെ പ്രവർത്തനങ്ങൾ അന്തർദേശീയ ശ്രദ്ധനേടുന്നത് വലിയ ഒരു ചുമതലകൂടി നമ്മുടെ തോളിൽ വച്ചുതരുന്ന കാര്യം പിതാവ് സൂചിപ്പിച്ചു. കൂടുതൽ ഊർജസ്വലതയോടെ പ്രവർത്തിക്കാൻ നാം ബാധ്യസ്ഥരാണ്. ഈ മീറ്റിംഗിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യംതന്നെ കേരളസഭയ്ക്ക് ശക്തി പകരുന്നതാണെന്ന് പിതാവ് അഭിപ്രായപ്പെട്ടു.

21–1–2017 ൽ നടന്ന ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗത്തിന്റെ റിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ അവതരിപ്പിച്ചു. യോഗം അത് പാസാക്കി.

തുടർന്ന് സൊസൈറ്റിയുടെ നവീകരിച്ച വെബ്സൈറ്റ്, പുതിയ പി.ഒ.സി. ബൈബിൾ ആപ്പ്, അമേരിക്കയിൽ നിന്നുള്ള പി.ഒ.സി.ബൈബിളിന്റെ പുതിയ ആപ്പ് (ATHMARAKSHA) എന്നിവയുടെ നവീനതകളും പ്രത്യേകതകളും സെക്രട്ടറിയച്ചൻ വിശദീകരിച്ചു. ബൈബിൾ സൊസൈറ്റിയുടെ സഹകരണത്തോടെ ഇത് നട

ത്തി, സൊസൈറ്റിയുടെ പ്രമോഷന് ഇത് ഉപകാരപ്പെടുത്തുവാൻ കഴിയുമെന്ന് അച്ചൻ അഭിപ്രായപ്പെട്ടു. യോഗാംഗങ്ങൾ നിർദേശം അംഗീകരിക്കുകയും ചെയ്തു.

**ലോഗോസ് ക്വിസ് 2017**

ലോഗോസ് ക്വിസ് 2017 ന്റെ നടത്തിപ്പിന്റെ കാര്യങ്ങളെക്കുറിച്ച് ചർച്ചകൾ ഉണ്ടായി. പി.ഒ.സി.യിൽ വച്ച് നടത്താറുള്ള സെമിഫൈനൽ ടെലെക്വിസ് ആയി നടത്തുന്ന കാര്യം വിശദീകരിച്ചു. ആറു ഗ്രൂപ്പുകളിലുള്ള അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വെവ്വേറെയായിരിക്കും ഈ തവണ ടെലെക്വിസ്. കൂടുതൽ സമയം ആവശ്യമുള്ളതിനാൽ സംസ്ഥാനതല മത്സരം നവംബർ 12-ാം തിയതി നടത്താം എന്നും പറഞ്ഞു. ഫാമിലി ക്വിസിൽ പിതാവ്, മാതാവ്, ഒരു കുട്ടി എന്ന മാനദണ്ഡമാണ് ഈ വർഷം സ്വീകരിച്ചിരിക്കുന്നത്. പിതാവ്, മാതാവ്, ഒരു കുട്ടി എന്ന മാനദണ്ഡം വയ്ക്കരുത്, കുട്ടികൾ എത്രയായാലും അവർ പങ്കെടുക്കുന്നതാണ് നല്ലത് എന്ന് ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ അഭിപ്രായപ്പെട്ടു. 3 പേർ വീതമുള്ള 6 ഗ്രൂപ്പുകൾ പങ്കെടുക്കുമ്പോൾതന്നെ 18 പേർ ആകുമെന്നും അതിൽ കൂടുതൽ ആളുകളെ സ്റ്റേജിൽ ഇരുത്തുക പ്രായോഗികമല്ല എന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

ലോഗോസ് ക്വിസ് 2017 ൽ പങ്കെടുക്കുവാൻ സീറോ മലബാർ സഭയുടെ സാന്തോം മിഷൻ താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് അപേക്ഷിച്ചുവെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. അവരെ ലോഗോസ് ക്വിസിൽ പങ്കുചേർക്കുവാൻ യോഗം അനുമതി നൽകി. സാന്തോം മിഷനിൽപ്പെട്ട ചെന്നൈയിലെ സെന്റർ ഇപ്പോൾ ചെയ്യുന്നതുപോലെ ഇരിങ്ങാലക്കുട രൂപതയുടെ കീഴിൽത്തന്നെ മത്സരിക്കുന്നതായിരിക്കുമെന്ന് അറിയിച്ച കാര്യം അച്ചൻ സൂചിപ്പിച്ചു.

**ലോഗോസ് ക്വിസ് 2018**

2018 ലെ ലോഗോസ് ക്വിസിനായി പഠനഭാഗം തീരുമാനിച്ചു. നിയമാവർത്തനം 1–11, പ്രഭാഷകൻ 1–10, മത്തായി 10–18, വെളിപാട് 10–16 എന്നീ പാഠഭാഗങ്ങൾ സെക്രട്ടറിയച്ചൻ നിർദേശിച്ചു. യോഗം അത് പാസാക്കുകയും ചെയ്തു. ഏകദേശം 1000 വാക്യങ്ങളാണ് സാധാരണപഠനഭാഗത്ത് ഉണ്ടാകുന്നത് എന്ന് ഫാ. കുര്യൻ വാലുപറമ്പിൽ അഭിപ്രായപ്പെട്ടു. വചനം വചനമായിട്ട് പഠിക്കുവാൻ വേണ്ടിയാണ് ലോഗോസ് ക്വിസിന്റെ ഉദ്ദേശം, ചോദ്യങ്ങൾക്കുവേണ്ടിയല്ല എന്ന അഭിപ്രായവും ഉണ്ടായി. വി. മത്തായിയുടെ സുവിശേഷത്തിന്റെ സ്റ്റഡി ബൈബിളിന്റെ ജോലികൾ കഴിയാറായി. അത് ഉടനെ പുറത്തിക്കുമെന്നും അതിൽനിന്നും സംസ്ഥാനതലത്തിൽ നടത്തുന്ന പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടാകുമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

ലോഗോസ് ക്വിസ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ചില ബുദ്ധിമുട്ടുകളെക്കുറിച്ച് ശ്രീ. ജോസഫ് പന്തപ്ലാക്കൽ പറഞ്ഞു. ഏതാനും രൂപതകൾ മാത്രമേ രജിസ്ട്രേഷൻ കാര്യങ്ങൾ കൃത്യമായി ചെയ്യാറുള്ളു എന്നും അതുകൊണ്ട് ലോഗോസ് കോ–ഓർഡിനേറ്റർമാരെ വിളിച്ച് കാര്യങ്ങൾ വിശദമായി പറഞ്ഞുകൊടുക്കണമെന്ന് അഭിപ്രായം വന്നു.

**ലോഗോസ് പ്രതിഭ**

ലോഗോസ് പ്രതിഭയായി ഒരാളെ തിരഞ്ഞെടുത്തുകഴിഞ്ഞാൽ പിന്നീടുള്ള വർഷങ്ങളിൽ സംസ്ഥാനതലത്തിൽ പ്രതിഭാക്വിസിന് പങ്കെടുപ്പിക്കേണ്ടതില്ലെന്നും അവരുടെ സേവനം രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് കേന്ദ്രങ്ങളിൽ മറ്റുള്ളവരുടെ പരിശീലനത്തിന് ഉപകരിപ്പിക്കണമെന്നും തീരുമാനിച്ചു.

തൃശൂർ അതിരൂപതയിൽ വെരിത്താസ് ക്വിസ് എന്ന പേരിൽ ബൈബിൾ ക്വിസ് തുടങ്ങുന്ന കാര്യം ചർച്ചയ്ക്ക് വന്നു. കൂടുതൽ പേർ ഈ ക്വിസിൽ പങ്കെടുക്കുകയും അവരെല്ലാവരും ലോഗോസ് ക്വിസിലും പങ്കെടുക്കുകയും ചെയ്യുമെന്നും യോഗാംഗങ്ങൾ പ്രത്യാശ പ്രകടിപ്പിച്ചു. സംസ്ഥാന ലോഗോസ് ക്വിസിനെ ശക്തി

പ്പെടുത്തുകയായിരിക്കണം ഇതുപോലുള്ള സംരംഭങ്ങളുടെ ലക്ഷ്യം എന്ന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു.

**മെംബർഷിപ്പ് കാമ്പയ്ൻ + സോണൽ ബൈബിൾ വാരാചരണം.**

സൊസൈറ്റിയുടെ മെംബർഷിപ്പ് കാമ്പയ്ൻ പരിപാടിയോടനുബന്ധിച്ച് തലശ്ശേരി അതിരൂപതയിലെ തളിപ്പറമ്പ് ഇടവകയിൽ ഫാ. ജോൺസൺ പുതുശ്ശേരി സൊസൈറ്റിയെക്കുറിച്ച് സംസാരിച്ചു. അതുപോലെ തിരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രങ്ങളിൽ ആ ഭാഗത്തുള്ള പ്രമോട്ടേഴ്സിന്റെ സഹകരണത്തോടെ വീണ്ടും കാമ്പയ്ൻ നടത്തുന്നതാണ് എന്നറിയിച്ചു. പ്രമോട്ടർമാരുടെ മീറ്റിങ്ങിൽവന്ന നിർദേശമനുസരിച്ച് ഓരോ വർഷവും പുതിയ പ്രമോട്ടർമാരിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്നവർക്ക് പ്രത്യേകസമ്മാനം കൊടുക്കുവാൻ തീരുമാനമായി.

ബൈബിൾ കലോത്സവം ഇല്ലാത്ത വർഷങ്ങളിൽ ഡിസംബർ മാസം ബൈബിൾ പാരായണമാസമായി ആചരിക്കുമ്പോൾ പി.ഒ.സി.യിൽ വച്ച് നടത്തിയിരുന്ന പരിപാടികൾ വിവിധ സോണുകളിൽ വച്ച് ശനി, ഞായർ ദിവസങ്ങളിൽ നടത്താമെന്ന് സെക്രട്ടറിയച്ചൻ നിർദേശിച്ചു. കോട്ടയം സോണിലെ ഉത്തരവാദിത്വം ഫാ. വർഗ്ഗീസ് കൊട്ടേക്കാട്ട് ഏറ്റെടുക്കുകയും ചെയ്തു. അതുപോലെ കോഴിക്കോട്, കോതമംഗലം, തിരുവനന്തപുരം/ബത്തേരി എന്നീ സോണുകളിൽനിന്നും ഉചിതമായ സ്ഥലം തിരഞ്ഞെടുക്കേണ്ടതാണ്. ഓരോ സോണിലെയും ചെലവുകൾക്കായി ബൈബിൾ കമ്മീഷനിൽനിന്നും ഒരു വിഹിതം നൽകാമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**അവധിക്കാല കോഴ്സുകൾ**

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പങ്കെടുക്കുന്നവർക്കുവേണ്ടി 2017 മെയ് 13-ാം തിയതി ഏകദിന സെമിനാർ സംഘടിപ്പിച്ചിട്ടുള്ള കാര്യം സെക്രട്ടറിയച്ചൻ അറിയിച്ചു. വിജയകരമായി കോഴ്സ് പൂർത്തിയാക്കിയവർക്ക് അന്നേദിവസം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്. ഫാ. ജെയിംസ് ആനാപറമ്പിൽ ആ ദിവസത്തെ ക്ലാസുകൾ നയിക്കുന്നതാണെന്ന് അറിയിച്ചു.

മെയ് 20, 21 തിയതികളിൽ നടത്തുന്ന ബൈബിൾ ക്ളാസുകളെപ്പറ്റി മീറ്റിംഗിൽ അറിയിച്ചു. വെളിപാട് പുസ്തകം ആസ്പദമാക്കിയായിരിക്കും ക്ലാസുകൾ. ബൈബിൾ സൊസൈറ്റി അംഗങ്ങൾ 20,21 തിയതികളിലെ ക്ലാസുകളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പകുതി ഫീസ് ആനുകൂല്യത്തിന് അർഹരാണ്.

**സോണൽ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് കൂടുതൽ ആളുകൾക്ക് ഉപകാരപ്പെടുവാൻ തക്കവിധത്തിൽ എല്ലാവരും പരിശ്രമിക്കണമെന്ന് സെക്രട്ടറിയച്ചൻ ആവശ്യപ്പെട്ടു. തിരുവനന്തപുരം അതിരൂപതയിൽ കറസ്പോണ്ടൻസ് പഠനം നന്നായി നടക്കുന്നുണ്ടെന്നും മറ്റു രൂപതകൾക്കും അത് അനുകരിക്കാവുന്നതാണെന്നും സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു.

**വചനസർഗ അവാർഡ്**

ഈ പ്രാവശ്യത്തെ വചനസർഗ അവാർഡിനെ സംബന്ധിച്ച സർക്കുലർ അയച്ചുകഴിഞ്ഞു. ബൈബിൾ ബാലസാഹിത്യവും കുട്ടികൾക്കായുള്ള ബൈബിൾ ഗെയിംസുമാണ് 2017 ലെ പുരസ്ക്കാരത്തിന് പരിഗണിക്കപ്പെടുന്നത്. കുട്ടികൾക്കായി ബൈബിൾ ആധാരമാക്കി മലയാളഭാഷയിൽ പ്രസിദ്ധീകരിച്ച രചനകളാണ് അവാർഡിനായി സമർപ്പിക്കേണ്ടതെന്ന് അച്ചൻ അറിയിച്ചു.

**മറ്റിനങ്ങൾ**

കുടുംബകൂട്ടായ്മയിൽ ഉപയോഗിക്കുന്നതിനുവേണ്ടി വചനവ്യാഖ്യാനം ചെറിയ ലീഫ്ലെറ്റ് രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ബൈബിൾ സൊസൈറ്റി മുൻകൈ എടുക്കണമെന്ന് ശ്രീ. ബിജോയ് മത്തായി അഭിപ്രായപ്പെട്ടു. ആൽഫാ ബൈബിൾ

കമന്ററി എല്ലാ വാല്യങ്ങളും കൊണ്ടുനടക്കുക ബുദ്ധിമുട്ടായതുകൊണ്ട് അത് സി.ഡി.യിൽ ആക്കുന്നത് നല്ലതായിരിക്കും എന്ന് ശ്രീ. ആന്റണി സച്ചിൻ അഭിപ്രായപ്പെട്ടു. ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിനെ ഇത് അറിയിക്കുന്നതാണെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. കുട്ടികൾക്കുവേണ്ടി അവരുടെ ശൈലിയിലും പടങ്ങളോടുകൂടിയും ബൈബിൾ അടിപ്പിക്കുന്നതിനെപ്പറ്റി സംസാരിച്ചു.

സി. ആഗ്നസ് ജോർജ്ജ് മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് ചായസത്ക്കാരത്തോടെ, വൈകിട്ട് 4.30 ന് യോഗം അവസാനിച്ചു.

**2. എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 01 ജൂലൈ 2017**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 2017 ജൂലൈ 1ന് ഉച്ചയ്ക്ക് 2.00ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ പ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 8 അംഗങ്ങൾ പങ്കെടുത്തു.

8.7.2017ൽ നടക്കാനിരിക്കുന്ന ജനറൽബോഡിയുടെ മുന്നോടിയായ എക്സിക്യൂട്ടിവ് യോഗമാണിതെന്നും സൊസൈറ്റി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നിർണായകമായ കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ടെന്നും എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് ശ്രീ. ജോസഫ് പന്തപ്ലാക്കൽ സംസാരിക്കുകയുണ്ടായി.

ബൈബിൾ സൊസൈറ്റി മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവച്ച് മുന്നേറുകയാണെന്നും സൈൻ ബൈബിൾ വഴി വലിയ അദ്ഭുതം നടന്നുകൊണ്ടിരിക്കുകയാണെന്നും വൈസ് ചെയർമാൻ തന്റെ അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. ബൈബിൾ സൊസൈറ്റിക്ക് ഇനിയും പുതിയ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കേണ്ടതുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു.

മുൻയോഗറിപ്പോർട്ട് ട്രഷറർ സി. ആഗനസ്സ് സി.റ്റി.സി. അവതരിപ്പിച്ചു. യോഗമത് പാസാക്കി. തുടർന്ന് ചർച്ചകൾ നടന്നു:

**1) സൈൻ ബൈബിൾ:** സൈൻ ബൈബിളിന്റെ അടുത്ത സി.ഡി ഇറക്കുന്നതും മറ്റു ഭാഷകളിൽ ഡബ്ബുചെയ്യുന്നതും നല്ലതായിരിക്കുമെന്ന് സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു. യോഗം അത് അംഗീകരിച്ചു. മൂന്നാമത്തെ വാല്യം ഇറക്കാൻ ശ്രീ. ആന്റണി സച്ചിനുമായി ചർച്ചകൾ നടത്തുന്നതാണ്. ബധിരരായുള്ളവർക്ക് സി.ഡി സൗജന്യമായി ഇപ്പോൾ കൊടുക്കുന്നുണ്ട്.

**2) ബ്രെയ്‌ലി ബൈബിൾ:** ബ്രെയ്‌ലി ബൈബിളിന്റെ പ്രിന്റിംഗിനുള്ള പേപ്പർ ഡൽഹിയിൽനിന്നും എത്തിയെന്നും ബൈബിൾ പ്രിന്റിംഗ് കഴിഞ്ഞ് കാഴ്ച വൈകല്യമുള്ളവർക്ക് സൗജന്യമായി കൊടുക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**3) ഇന്റർലീനിയർ ബൈബിൾ:** ഗ്രീക്കു ബൈബിളിന്റെ കോപ്പിറൈറ്റ് കിട്ടിയെന്നും ആലുവ സെമിനാരി പ്രസിഡന്റ് റവ. ഫാ. ചാക്കോയുടെ നേതൃത്വത്തിൽ പണി പുരോഗമിക്കുകയാണെന്നും അടുത്ത വർഷം പ്രസിദ്ധീകരിക്കാൻ കഴിയുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**4) ബൈബിൾ കെയ്സ്:** ബൈബിളിനായി വലിയ 'കെയ്സ്' നിർമിച്ച് വില്പനയ്ക്കായി വയ്ക്കുന്നകാര്യം ചർച്ച ചെയ്തു.

**5) കുട്ടികൾക്കായുള്ള ബൈബിൾ:** കുട്ടികളുടെ ആദ്യകുർബാനയ്ക്കും മറ്റും സമ്മാനമായി കൊടുക്കുവാൻ സാധിക്കുന്ന തരത്തിലുള്ള ചിത്രങ്ങളോടുകൂടിയ ബൈബിൾ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു.

**6) സ്റ്റഡി ബൈബിൾ**: മത്തായിയുടെ സുവിശേഷം പ്രസിദ്ധീകരിച്ചെന്നും ഡിസംബർ – ജനുവരിയോടെ സുവിശേഷങ്ങൾ മുഴുവനും പ്രസിദ്ധീകരിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. പഴയനിയമ റിവിഷൻ വർക്കും നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**7) ബൈബിൾ കോഴ്സുകൾ: a) രൂപതയിൽനിന്ന് പ്രതിനിധികൾ:** ഓരോ രൂപത

യിൽനിന്ന് ബൈബിൾ അപ്പോസ്തലേറ്റ് വഴി 2–3 പേർക്ക് വീതം 4 ദിവസത്തെ ബൈബിൾ ക്ലാസ് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. 200/– രൂപ രജിസ്ട്രേഷൻ ഫീസായി സ്വീകരിച്ച് ബാക്കി ഫീസിളവ് ചെയ്യാനാണ് പദ്ധതിയെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

**b) വൈദികർക്ക്:** വൈദികർക്കായി രണ്ടു ദിവസത്തെ 'ബൈബിൾ – പുതിയ മേഖലകൾ' എന്നതിനെപ്പറ്റി ക്ലാസ്സ് സൗജന്യ നിരക്കിൽ സംഘടിപ്പിക്കുന്നു.

**c) ഏകദിന ക്ലാസ്സ്:** കേരളത്തിൽ വിവിധ ഇടവകകളിൽ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെയും ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവ് – മാനേജിംങ്ങ് കൗൺസിൽ അംഗങ്ങളുടെ സഹകരണത്തോടെ ബൈബിൾ ക്ലാസ്സ് എടുക്കുന്നത് നല്ലതായിരിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**8) യൂ ടൂബിൽ ബൈബിൾ ക്ലാസ്സ്:** കറസ്പോണ്ടൻസ് കോഴ്സിന്റെ ക്ലാസ്സുകൾ തയ്യാറാക്കി 'യു ടൂബിൽ' ഇടുന്നതിനെക്കുറിച്ചും സെക്രട്ടറിയച്ചൻ അഭിപ്രായം ആരാഞ്ഞു. യോഗം ഇതു സ്വാഗതം ചെയ്തു. സിലബസിനെക്കുറിച്ചും എത്ര എപ്പിസോഡ് എന്നതിനെക്കുറിച്ചും വ്യക്തമായ ധാരണ വേണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**9) ഷോർട്ട് ഫിലിം മത്സരം:** കോളേജ് വിദ്യാർഥികൾക്കുവേണ്ടി ബൈബിളിലെ ഉപമകൾ/അദ്ഭുതങ്ങൾ ആധാരമാക്കി 10 മിനിറ്റ് ദൈർഘ്യമുള്ള 'ഷോർട്ട് ഫിലിം' തയ്യാറാക്കി മത്സരം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ യോഗത്തിൽ നിർദേശം ആരാഞ്ഞു. വ്യത്യസ്ത വിഷയങ്ങൾ അടിസ്ഥാനമാക്കണമെന്നും ഏറ്റവും നല്ല '10' എണ്ണം വെബ് സൈറ്റിൽ ഇടണമെന്നും യോഗം അഭിപ്രായപ്പെട്ടു.

**10) ഫ്രീ ബൈബിൾ പ്രോജക്ട്:** സൗജന്യനിരക്കിൽ ബൈബിൾ വിതരണം ചെയ്യാൻ തുക കണ്ടെത്തുവാനുള്ള പദ്ധതികൾ സെക്രട്ടറിയച്ചൻ നിർദേശിച്ചു:

**a) ബൈബിൾ അംബാസിഡർ:** ബൈബിൾ അംബാസിഡർ പദ്ധതി വീണ്ടും ആരംഭിക്കുകയും, കൂടാതെ അമ്പതിനായിരം രൂപ തരാൻ താല്പര്യമുണ്ടെങ്കിൽ, ബൈബിൾ അംബാസിഡർ എന്നപോലെ വേറൊരു പേരിൽ പദ്ധതിയുണ്ടാക്കുകയും അതിൽനിന്ന് മെമ്പർഷിപ്പ് കഴിച്ചുള്ള തുക പകുതിവിലയ്ക്ക് ബൈബിൾ കൊടുക്കുന്നതിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യുക.

**b) കലണ്ടർ പരസ്യം:** പരസ്യമില്ലാതെയാണ് കഴിഞ്ഞ രണ്ടു വർഷവും കലണ്ടർ ഇറക്കിയത്. അടുത്തവർഷം പരസ്യം സംഘടിപ്പിച്ച് അത് വഴി ലഭിക്കുന്ന തുക ബൈബിൾ സൗജന്യമായി കൊടുക്കാൻ ഉപയോഗിക്കുക.

**c) സംഭാവന:** എൻ ആർ ഐ ക്കാരിൽനിന്ന് സംഭാവന സ്വീകരിച്ച് സൗജന്യ ബൈബിൾ പ്രോജക്ടിനായി ഉപയോഗിക്കുന്നത് നല്ലതായിരിക്കുമെന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കൽ പറഞ്ഞു. കുടുംബങ്ങളിലെ ആഘോഷങ്ങൾക്കു ചെലവഴിക്കുന്ന തുകയുടെ വിഹിതവും ഇതിനായി നല്കാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**d)** രൂപതാതലത്തിൽ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ മുഖേന മെമ്പർഷിപ്പ് എടുപ്പിക്കുകയാണെങ്കിൽ അവർക്ക് 1 മെമ്പർഷിപ്പിന് 2 ബൈബിൾ പകുതി വിലയ്ക്ക് കൊടുക്കുക.

കേരള കത്തോലിക്കാ സഭയ്ക്ക് ബൈബിൾ പഠനവുമായി ബന്ധപ്പെട്ടവ ലഭ്യമാകുന്ന ഒരു നല്ല ബുക്ക് സ്റ്റാൾ ഇല്ലെന്നും ആരെങ്കിലും സ്ഥലം തരുകയാണെങ്കിൽ ഇത് തുടങ്ങുന്നത് നല്ലതായിരിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു. E-Books ന് ഒരു സൈറ്റ് തുടങ്ങുന്നത് നല്ലതാണെന്ന അഭിപ്രായവുമുണ്ടായി. ഇതിന്റെ സാധ്യതകൾ അന്വേഷിക്കാമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ബൈബിൾ സൊസൈറ്റി ഓഫീസ് നവീകരിക്കാൻ പദ്ധതിയുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. യോഗം അത് പാസാക്കി. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീമതി ജാൻസി ജേക്കബ് നന്ദി പ്രകാശിപ്പിച്ചു. മൂന്നു മണിയോടെ യോഗം സമാപിച്ചു.

**3. മാനേജിങ്ങ് കൗൺസിൽ യോഗം 01 ജൂലൈ 2017**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിങ്ങ് കൗൺസിൽയോഗം 1.7.2017ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ പ്രൊഫ. സി. സി. ആലീസ്കുട്ടിയുടെ പ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 26 അംഗങ്ങൾ പങ്കെടുത്തു.

കെ.സി.ബി.എസ് വഴി വചനം ജനങ്ങളിലേക്ക് എത്തിക്കുകയെന്നത് നമ്മുടെ കർത്തവ്യമാണെന്നും, അതിനായി പല പുതിയ കാര്യങ്ങൾ ഏറെ തീക്ഷ്ണതയോടെ ചെയ്യുകയെന്നത് ദൈവികപദ്ധതിയാണെന്നും, ശ്രീ. ജോസഫ് പന്തപ്ലാക്കൽ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ആശംസിച്ചുകൊണ്ട് സംസാരിച്ചു.

ഈ വർഷത്തെ പ്രവർത്തനങ്ങൾ ശക്തമായ രീതിയിൽ തുടരുന്നുവെന്നും, അടുത്ത ഒരു വർഷത്തെ പ്രവർത്തനങ്ങൾ രൂപപ്പെടുത്താനും അഭിപ്രായം ആരായാനുമായി ഈ യോഗം നമ്മൾ കൂടിയിരിക്കുന്നെന്നും തന്റെ അധ്യക്ഷപ്രസംഗത്തിൽ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം പറഞ്ഞു. പന്തക്കുസ്താസഭയിലേക്ക് പോകാൻ തീരുമാനമെടുത്ത ഏതാനും പേർ സൈൻ ബൈബിൾ കണ്ടതോടെ ആ തീരുമാനം ഉപേക്ഷിച്ചെന്നും ചിലർ തിരിച്ചുവന്നുവെന്നും വൈസ് ചെയർമാൻ തന്റെ പ്രസംഗത്തിൽ പങ്കുവച്ചു.

കർത്താവിന്റെ വചനങ്ങൾ എല്ലാ ആളുകളിലും എത്തട്ടെയെന്നും അതുവഴി ഓരോരുത്തരുടെയും ഹൃദയത്തിൽ നന്മയുണ്ടാകട്ടെയെന്നും നല്ല സന്ദേശങ്ങൾ സമൂഹത്തിലേക്കും കുടുംബങ്ങളിലേക്കും എത്തിക്കാൻ സാധിക്കട്ടെയെന്നും പി.ഒ.സി. ഡയറക്ടർ ഫ. വർഗീസ് വള്ളിക്കാട്ട് തന്റെ ആശംസാപ്രസംഗത്തിൽ പറഞ്ഞു.

മുൻയോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി അവതരിപ്പിച്ചു. യോഗമത് പാസാക്കി.

തുടർന്ന് 2016-2017 സാമ്പത്തിക വർഷത്തെ കണക്ക് ട്രഷറർ സി. ആഗനസ്സ് സി.റ്റി.സി. അവതരിപ്പിച്ചു. കണക്കിനെക്കുറിച്ചുള്ള ചില സംശയങ്ങൾ യോഗാംഗങ്ങൾ ചോദിക്കുകയുണ്ടായി. റ്റി. ഡി. എസ്., ജി. എസ്. റ്റി. തുടങ്ങിയവയെക്കുറിച്ചുള്ള സംശയങ്ങൾക്ക് സെക്രട്ടറിയച്ചൻ ഉത്തരം പറഞ്ഞു. ലോഗോസ് ക്വിസ് നടത്തുവാൻ വരവിനെക്കാൾ ചെലവ് കൂടുതലാണെന്ന് ശ്രീ. ഡേവീസ് എം പോൾ നിരീക്ഷിച്ചു. കഴിഞ്ഞ വർഷങ്ങളിൽ രജിസ്ട്രേഷൻ ഫീസ് കൂട്ടുവാൻ ആലോചനയുണ്ടായെന്നും പിതാക്കന്മാർ അനുവദിച്ചില്ലായെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. കഴിഞ്ഞവർഷം 'ഫാമിലി ക്വിസ് തുടങ്ങിയതിനാൽ അതിനായും തുക ചെലവഴിക്കേണ്ടി വന്നുവെന്നും സൊസൈറ്റിയുടെ മുഖ്യപ്രവർത്തനമായ ലോഗോസ് ക്വിസ് നന്നായി നടത്താനാണ് ശ്രദ്ധിക്കേണ്ടതെന്നും അഭിപ്രായങ്ങളുണ്ടായി. യോഗം കണക്ക് പാസാക്കി. തുടർന്ന് 2017-2018 ബഡ്ജറ്റും സെക്രട്ടറിയച്ചൻ അവതരിപ്പിക്കുകയും യോഗം അതു പാസാക്കുകയും ചെയ്തു.

**1) സൈൻ ബൈബിൾ:** മറ്റു സഭാവിഭാഗങ്ങൾ ഇറങ്ങിചെല്ലാത്ത മേഖലയാണ് സൈൻ ബൈബിൾ എന്ന് സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. അതിന്റെ അടുത്ത സി.ഡി നിർമിക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം സെക്രട്ടറിയച്ചൻ ആരാഞ്ഞു. ഇതിന് ഏകദേശം 1 ലക്ഷം രൂപ ചെലവ് വരുമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. യോഗം ഈ നിർദേശം അംഗീകരിച്ചു.

**2) ബ്രെയ്ലി ബൈബിൾ:** ബ്രെയ്ലി ബൈബിളിന്റെ പ്രിന്റിങ്ങിന് പേപ്പർ ഡൽഹിയിൽനിന്ന് വരുത്തിയിട്ടുണ്ടെന്നും, അച്ചടികഴിഞ്ഞ് അത് സൗജന്യമായി കൊടുക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**3) ഇന്റർലീനിയർ ബൈബിൾ:** ഗ്രീക്കു ബൈബിളിന്റെ കോപ്പിറൈറ്റ് കിട്ടിയെന്നും ആലുവ സെമിനാരി പ്രസിഡന്റ് റവ. ഫാ. ചാക്കോയുടെ നേതൃത്വത്തിൽ പണി

പുരോഗമിക്കുകയാണെന്നും അടുത്ത വർഷം പ്രസിദ്ധീകരിക്കാൻ കഴിയുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**4) ബൈബിൾ കെയ്സ്:** ബൈബിളിനായി വലിയ 'കെയ്സ്' നിർമിച്ച് വില്പന യ്ക്കായി വയ്ക്കുന്നകാര്യം ചർച്ച ചെയ്തു.

**5) കുട്ടികൾക്കായുള്ള ബൈബിൾ:** കുട്ടികളുടെ ആദ്യകുർബാനയ്ക്കും മറ്റും സമ്മാനമായി കൊടുക്കുവാൻ സാധിക്കുന്ന തരത്തിലുള്ള ചിത്രങ്ങളോടുകൂടിയ ബൈബിൾ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു.

**6) സ്റ്റഡി ബൈബിൾ**: മത്തായിയുടെ സുവിശേഷം പ്രസിദ്ധീകരിച്ചെന്നും ഡിസംബർ – ജനുവരിയോടെ സുവിശേഷങ്ങൾ മുഴുവനും പ്രസിദ്ധീകരിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. പഴയനിയമ റിവിഷൻ വർക്കും നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**7) ബൈബിൾ കോഴ്സുകൾ: a) രൂപതയിൽനിന്ന് പ്രതിനിധികൾ:** ഓരോ രൂപതയിൽനിന്ന് ബൈബിൾ അപ്പോസ്തലേറ്റ് വഴി 2–3 പേർക്ക് വീതം 4 ദിവസത്തെ ബൈബിൾ ക്ലാസ്സ് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. 200/– രൂപ രജിസ്ട്രേഷൻ ഫീസായി സ്വീകരിച്ച് ബാക്കി ഫീസിളവ് ചെയ്യാനാണ് പദ്ധതിയെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

**b) ഏകദിന ക്ലാസ്സ്:** കേരളത്തിൽ വിവിധ ഇടവകകളിൽ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെയും ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് – മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ സഹകരണത്തോടെ ബൈബിൾ ക്ലാസ്സ് എടുക്കുന്നത് നല്ലതായിരിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു. ഈ പ്രോഗ്രാമിൽ സൊസൈറ്റിയെക്കുറിച്ച് പറയുവാനും അംഗത്വശേഖരണം നടത്തുവാനും ശ്രദ്ധിക്കണമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

**8) യൂ ട്യൂബിൽ ബൈബിൾ ക്ലാസ്സ്:** കറസ്പോണ്ടൻസ് കോഴ്സിന്റെ ക്ലാസ്സുകൾ തയ്യാറാക്കി 'യു ട്യൂബിൽ' ഇടുന്നതിനെക്കുറിച്ചും സെക്രട്ടറിയച്ചൻ അഭിപ്രായം ആരാഞ്ഞു. യോഗം ഇതു സ്വാഗതം ചെയ്തു. സിലബസിനെക്കുറിച്ചും എത്ര എപ്പിസോഡ് എന്നതിനെക്കുറിച്ചും വ്യക്തമായ ധാരണ വേണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**9) ഷോർട്ട് ഫിലിം മത്സരം:** കോളേജ് വിദ്യാർഥികൾക്കുവേണ്ടി 'ഷോർട്ട് ഫിലിം' മത്സരം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ യോഗത്തിൽ നിർദേശം ആരാഞ്ഞു. ഏറ്റവും നല്ല '10' എണ്ണം വെബ് സൈറ്റിൽ ഇടണമെന്നും യോഗം അഭിപ്രായപ്പെട്ടു.

**10) ഫ്രീ ബൈബിൾ പ്രോജക്ട്:** സൗജന്യനിരക്കിൽ ബൈബിൾ വിതരണം ചെയ്യാൻ തുക കണ്ടെത്തുവാനുള്ള പദ്ധതികൾ സെക്രട്ടറിയച്ചൻ നിർദേശിച്ചു:

**a) ബൈബിൾ അംബാസിഡർ:** ബൈബിൾ അംബാസിഡർ പദ്ധതി വീണ്ടും ആരംഭിക്കുകയും, കൂടാതെ അമ്പതിനായിരം രൂപ തരാൻ താല്പര്യമുണ്ടെങ്കിൽ, ബൈബിൾ അംബാസിഡർ എന്നപോലെ വേറൊരു പേരിൽ പദ്ധതിയുണ്ടാക്കുകയും അതിൽനിന്ന് മെമ്പർഷിപ്പ് കഴിച്ചുള്ള തുക പകുതിവിലയ്ക്ക് ബൈബിൾ കൊടുക്കുന്നതിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യുക.

**b) കലണ്ടർ പരസ്യം:** പരസ്യമില്ലാതെയാണ് കഴിഞ്ഞ രണ്ടു വർഷവും കലണ്ടർ ഇറക്കിയത്. അടുത്തവർഷം പരസ്യം സംഘടിപ്പിച്ച് അത് വഴി ലഭിക്കുന്ന തുക ബൈബിൾ സൗജന്യമായി കൊടുക്കാൻ ഉപയോഗിക്കുക.

**c) സംഭാവന:** എൻ ആർ ഐ ക്കാരിൽനിന്ന് സംഭാവന സ്വീകരിച്ച് സൗജന്യ ബൈബിൾ പ്രോജക്ടിനായി ഉപയോഗിക്കുന്നത് നല്ലതായിരിക്കുമെന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കൽ പറഞ്ഞു. കുടുംബങ്ങളിലെ ആഘോഷങ്ങൾക്കു ചെലവഴിക്കുന്ന തുകയുടെ വിഹിതവും ഇതിനായി നല്കാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**d)** രൂപതാതലത്തിൽ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ മുഖേന മെമ്പർഷിപ്പ് എടുപ്പിക്കുകയാണെങ്കിൽ അവർക്ക് 1 മെമ്പർഷിപ്പിന് 2 ബൈബിൾ പകുതി വിലയ്ക്ക് കൊടുക്കുക.

**12) ലോഗോസ് ക്വിസ്:** കേരളത്തിനുപുറത്തുനിന്ന് രജിസ്ട്രേഷൻ നടത്തുന്നവർക്ക് ഫൈനൽ റൗണ്ടിൽ പ്രത്യേകമത്സരം നടത്തുന്നതിനെക്കുറിച്ചും അവർക്ക് വേറെ സമ്മാനം കൊടുക്കുന്നതിനെക്കുറിച്ചും സെക്രട്ടറിയച്ചൻ അഭിപ്രായം ആരാഞ്ഞു. വിദേശത്തുനിന്നുള്ളവർക്കും ഇവിടെ മത്സരത്തിനുവരാൻ ഇതു സഹായിക്കും. ഇതിനെകുറിച്ച് വ്യക്തതവരുത്താൻ യോഗം നിർദേശിച്ചു.

ബൈബിൾ സൊസൈറ്റി മെമ്പർമാരിൽനിന്ന് ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിക്കുന്ന വ്യക്തിയ്ക്ക് സമ്മാനം കൊടുക്കണമെന്ന് ശ്രീ. ഡേവീസ് എം പോൾ അഭിപ്രായപ്പെട്ടുവെങ്കിലും യോഗാംഗങ്ങൾ അനുകൂല നിലപാടെടുത്തില്ല.

**സംസ്ഥാനതല പഠനഭാഗം:** ഇപ്പോൾ പരീക്ഷയ്ക്കുള്ള പാഠഭാഗവും, മത്തായിയുടെ സുവിശേഷത്തിലെ സ്റ്റഡി ബൈബിൾ, കറസ്പോണ്ടൻസ് കോഴ്സിന്റെ വെളിപാടിന്റെ പുസ്തകം രണ്ടാമത്തെ വാല്യം, വെബ്സൈറ്റിലെ ലഘുപഠനഭാഗങ്ങൾ എന്നിവ സംസ്ഥാനതല പരീക്ഷയ്ക്കുണ്ടായിരിക്കും. ഈ വർഷം പി.ഒ.സി.യുടെ ജൂബിലി വർഷമായതിനാൽ പി.ഒ.സി.യെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി ഒരു റൗണ്ട് ഉണ്ടായിരിക്കുമെന്നും പ്രത്യേക സമ്മാനം അതിന് ഉണ്ടായിരിക്കും എന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**ഫാമിലി ക്വിസ്:** പാഠഭാഗങ്ങൾ പതിവുപോലെയുള്ള പാഠഭാഗങ്ങളും 'ബൈബിളും കേരളവും' എന്ന പുസ്തകവും, മത്തായിയുടെ സ്റ്റഡി ബൈബിളും ആയിരിക്കും.

**13) ബൈബിൾ പാരായണ മാസം:** മൂന്നിടങ്ങളിൽ രണ്ടു ദിവസം തുടർച്ചയായി ബൈബിൾ പാരായണം നടത്താൻ പദ്ധതിയിടുന്നു. അതിന്റെ ചെലവ് ഒരു ഭാഗം ബൈബിൾ കമ്മീഷൻ നല്കുന്നതാണ്.

**14)** 30/- രൂപയുടെ ബൈബിൾ ആവശ്യമെങ്കിൽ പകുതിവിലയ്ക്ക് ബൈബിൾ സൊസൈറ്റി അംഗങ്ങൾ മുഖേന അനാഥാലയത്തിലോ അതുപോലെയുള്ള ആതുരസേവനതലത്തിലോ കൊടുക്കാവുന്നതാണെന്ന് സെക്രട്ടറിയച്ചൻ നിർദേശിച്ചു. യോഗാംഗങ്ങൾ അതു സ്വാഗതം ചെയ്തു.

ജനറൽബോഡിയിലേക്കുള്ള എം.സിയെ തിരഞ്ഞെടുക്കാൻ സെക്രട്ടറിയച്ചനെ യോഗം ചുമതലപ്പെടുത്തി. ജനറൽബോഡിയോഗത്തിലേക്ക് ഓരോ അംഗങ്ങളും 5 പേരെ വീതം കൊണ്ടുവരണമെന്നും എല്ലാവരെയും ഫോൺവിളിച്ച് അറിയിക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

ഡോ. ജോസ് കല്ലറയ്ക്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. യോഗം 4.30ന് സമാപിച്ചു. തുടർന്ന് ചായ സത്ക്കാരവും ഉണ്ടായിരുന്നു.

**4. വാർഷിക പൊതുയോഗം (08 ജൂലൈ 2017)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 26-ാമത് ജനറൽബോഡി യോഗം 2017 ജൂലൈ 8ന് ഉച്ചയ്ക്ക് 2.00 മണിക്ക് ചെയർമാൻ മോസ്റ്റ് റവ. ഡോ. എബ്രാഹം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ സി. സോജ എം എസ് എസ് റ്റിയുടെ പ്രാർഥനാഗാനത്തോടെ ആരംഭിച്ചു. യോഗത്തിൽ 104 അംഗങ്ങൾ പങ്കെടുത്തു.

ചെയർമാൻ പിതാവിന്റെ ആദ്യത്തെ ജനറൽബോഡി യോഗമാണിതെന്നും പിതാവിന്റെ നേതൃത്വം ബൈബിൾ സൊസൈറ്റിയെ പുതിയ തലത്തിലേക്ക് ഉയർത്തുമെന്നും കേരളസഭയിൽ ഇനിയും നിരവധി കാര്യങ്ങൾ ചെയ്യാൻ സാധിക്കട്ടെയെന്നും അഭിവന്ദ്യ യൂലിയോസ് പിതാവിനെയും പി.ഒ.സി. ഡയറക്ടർ വർഗീസ് വള്ളിക്കാട്ട

ച്ചനെയും മറ്റെല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തുകൊണ്ടുള്ള പ്രസംഗത്തിൽ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം പ്രത്യാശ പ്രകടിപ്പിച്ചു.

തുടർന്ന് ബൈബിൾ സൊസൈറ്റി അംഗങ്ങളിൽനിന്ന് മരണം മൂലം വേർപ്പെട്ടു പോയവരെ അനുസ്മരിച്ചുകൊണ്ട് ചെയർമാൻ പിതാവ് പ്രാർഥനാശുശ്രൂഷയ്ക്കു നേതൃത്വം നല്കി.

ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് ലോഗോസ് ക്വിസ്, ആഗോളസഭയ്ക്ക് തന്നെ മാതൃകയായിരിക്കുന്നുവെന്ന് യൂലിയോസ് പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. സൈൻ ബൈബിൾ, ബ്രെയ്‌ലി ബൈബിൾ, ഇന്റർലീനിയർ ബൈബിൾ മുതലായവ സൊസൈറ്റിയുടെ നല്ല സംരംഭങ്ങളാണെന്ന് ചെയർമാൻ പിതാവ് പറയുകയുണ്ടായി.

ഈ കാലഘട്ടത്തിന്റെ ആവശ്യകതയെ നോക്കി കണ്ടറിഞ്ഞ് അത് അനുസരിച്ചുള്ള വചന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനും പുതിയ പ്രവർത്തനങ്ങൾക്കായുള്ള തീരുമാനം എടുക്കാനുമുള്ള പൊതുയോഗമാണിതെന്നും, ബൈബിൾ കാഴ്ചയില്ലാത്തവർക്കും ഭിന്നശേഷിക്കാർക്കും കുഞ്ഞുങ്ങൾക്കുവേണ്ടി തയ്യാറാക്കുന്നത് എറ്റവും അഭിനന്ദനാർഹമാണെന്നും പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് ആശംസാ പ്രസംഗത്തിൽ പറഞ്ഞു.

2016–2017ലെ വാർഷിക പൊതുയോഗ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും സെക്രട്ടറിയച്ചൻ റവ. ഡോ. ജോൺസൺ പുതുശ്ശേരി അവതരിപ്പിച്ചു. ശ്രീ. ബേബി മുണ്ടയ്ക്കൽ റിപ്പോർട്ട് പാസാക്കാൻ നിർദേശിക്കുകയും ശ്രീമതി ഫിലോമിന പിന്താങ്ങുകയും യോഗം അതു പാസാക്കുകയും ചെയ്തു.

2016–2017 വാർഷിക കണക്ക് ട്രഷറർ സി. ആഗനസ്സ് സി.റ്റി.സി. അവതരിപ്പിച്ചു. യോഗാംഗങ്ങളിൽ രണ്ടുപേരുടെ കണക്കുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഓഡിറ്റർ ശ്രീ. പി. സി. വർഗീസ് വിശദീകരണങ്ങൾ നല്കി. കണക്ക് യോഗം പാസാക്കി. 2016–2017ലെ ബഡ്ജറ്റ് സെക്രട്ടറി, ഫാ. ജോൺസൺ പുതുശ്ശേരി അവതരിപ്പിച്ചു. യോഗമത് പാസാക്കി. സൊസൈറ്റി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ തുടർന്നും ചെയ്യാൻ യോഗം അനുമതി നല്കി. തുടർന്നു ചർച്ചകൾ നടന്നു.

**1) സൈൻ ബൈബിൾ:** ഭാരതത്തിൽ മറ്റു സഭാവിഭാഗങ്ങൾ കടന്നുചെല്ലാത്ത മേഖലയാണ് സൈൻ ബൈബിൾ എന്നും അതിന്റെ അടുത്ത സി.ഡി ശ്രീ. ആന്റണി സച്ചിന്റെയും സി. അഭയയുടെയും നേതൃത്വത്തിൽ തയ്യാറാക്കാൻ ആഗ്രഹിക്കുന്നുവെന്നും സുവിശേഷങ്ങളിലെ യേശുവിന്റെ ബാല്യകാലജീവിതമാണ് അടുത്ത പ്രോജക്റ്റ് എന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. ഇത് നല്ലതാണെന്നും അധികം താമസിയാതെ അതു ചെയ്യണമെന്നും യോഗം അഭിപ്രായപ്പെട്ടു.

**2) ബ്രെയ്‌ലി ബൈബിൾ:** ഇതിന്റെ പ്രിന്റിങ്ങ് നടക്കുന്നത് ആലുവായിലുള്ള അന്ധവിദ്യാലയത്തോടനുബന്ധിച്ചുള്ള പ്രസിലാണ്. അച്ചടി പൂർത്തിയാക്കി അർഹരായവർക്ക് സൗജന്യമായി അതു നല്കുന്നതായിരിക്കും.

**3) ബൈബിൾ ഇന്റർലീനിയർ:** ബൈബിൾ ആഴമായി പഠിക്കാൻ ആവശ്യമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ ബൈബിൾ സൊസൈറ്റി ശ്രദ്ധവയ്ക്കുന്നതിന്റെ ഭാഗമായി മൂന്നു ഭാഷകളിലായി ഇന്റർലീനിയർ ബൈബിൾ തയ്യാറാക്കുന്നു. ഇതിന് ഗ്രീക്ക് ബൈബിളിന്റെ കോപ്പി റൈറ്റ് ജർമനിയിലെ ബൈബിൾ സൊസൈറ്റിയിൽനിന്നും കിട്ടിയെന്നും അടുത്ത വർഷത്തിൽ ഇത് ഇറക്കാൻ സാധിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**4) കുട്ടികൾക്കായുള്ള ബൈബിൾ:** ആദ്യകുർബാന സ്വീകരണത്തിന് സമ്മാനം കൊടുക്കാൻ ഉപകരിക്കുന്ന ചിത്രങ്ങളോടുകൂടിയ ഒരു പുസ്തകം ഇറക്കാൻ ആഗ്രഹിക്കുന്നുവെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ഇതിന്റെ ഒരു മോഡൽ പിതാവ് ജർമനി

യിൽനിന്നു കൊണ്ടുവന്നെന്നും അച്ചൻ സൂചിപ്പിച്ചു. ആരംഭത്തിൽ നല്ല ചെലവു വന്നാലും പിന്നീട് മുടക്കിയ തുക കിട്ടുമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. യോഗം ഈ നിർദേശം സ്വാഗതം ചെയ്തു.

**5) സ്റ്റഡി ബൈബിൾ/റിവൈസ്ഡ് ബൈബിൾ:** ലൂക്കായുടെ സുവിശേഷം, മത്തായിയുടെ സുവിശേഷം എന്നീ സ്റ്റഡി ബൈബിളുകൾ പ്രസിദ്ധീകരിച്ചെന്നും ഉടനെ സുവിശേഷങ്ങൾ മുഴുവനും പ്രസിദ്ധീകരിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. പഴയനിയമം റിവിഷൻ ജോലികൾ ജോഷി മയ്യാറ്റിലച്ചന്റെ നേതൃത്വത്തിൽ ഊർജിതമായി നടന്നുകൊണ്ടിരിക്കുന്നുവെന്നു സെക്രട്ടറിയച്ചൻ അറിയിച്ചു.

**6) ബൈബിൾ ക്ലാസ്സ്:**

**a) അല്മായർക്ക്:** ബൈബിൾ പഠിക്കാൻ 3–4 ദിവസത്ത ക്ലാസ്സ് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്നും ഒരാൾക്ക് 200/– രജിസ്ട്രേഷൻ ഫീസ് മാത്രം സ്വീകരിച്ച്, സൗജന്യനിരക്കിൽ നടത്തുവാൻ പദ്ധതിയുണ്ടെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. സൊസൈറ്റി ഇതുപോലുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നും അതിന് തുക ചെലവഴിക്കണമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

**b) വൈദികർക്ക്:** ബൈബിൾ സംബന്ധിയായ പുതിയ അറിവുകൾ പകർന്നു നല്കുന്നതിനായി രണ്ടു ദിവസത്തെ ക്ലാസ്സ് സംഘടിപ്പിക്കുന്നു.

**c) ഏകദിന ബൈബിൾ ക്ലാസ്സ്:** രൂപതകളിൽ മാനേജിങ്ങ് കൗൺസിൽ അംഗങ്ങളുടെ സഹായത്തോടെ ഏകദിന ബൈബിൾ ക്ലാസ്സ് സംഘടിപ്പിക്കാൻ പദ്ധതിയുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ബൈബിൾ സൊസൈറ്റി പ്രൊമോഷനും ഈ ക്ലാസ്സുകൾ വഴി നടത്തുന്നതായിരിക്കും.

**7) ലേഗോസ് ക്വിസ്:** കേരളത്തിനു പുറത്തുനിന്നു പങ്കെടുക്കുന്നവരെ ഫൈനൽ റൗണ്ടിൽ എങ്ങനെ ഉൾപ്പെടുത്തണം എന്ന് സെക്രട്ടറിയച്ചൻ യോഗാംഗങ്ങളോട് ആരാഞ്ഞു. കേരളത്തിനു പുറത്തുനിന്നുള്ള രൂപതകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഒരാളെ വീതം പങ്കെടുപ്പിച്ച് പ്രത്യേക മത്സരം നടത്തി, സമ്മാനം കൊടുക്കുന്നതു നല്ലതായിരിക്കുമെന്ന സെക്രട്ടറിയച്ചന്റെ നിർദേശം യോഗാംഗങ്ങൾ സ്വാഗതം ചെയ്തു.

**8)** ബൈബിൾ സൗജന്യമായി അർഹിക്കുന്നവർക്ക് എത്തിക്കുവാൻ സഹായിക്കുന്ന പദ്ധതികൾ സെക്രട്ടറിയച്ചൻ നിർദേശിച്ചു:

**a) ബൈബിൾ അംബാസിഡർ:** ഒരു ലക്ഷം രൂപ സ്വീകരിച്ച് ബൈബിൾ അംബാസിഡർമാർ ആക്കി, മെമ്പർഷിപ്പ് 20000/– കഴിച്ച് ബാക്കിയുള്ള രൂപയ്ക്ക് സൗജന്യ ബൈബിൾ കൊടുത്തിരുന്ന പദ്ധതി തുടരുകയും, ഇതിൽ കുറഞ്ഞ തുക കിട്ടിയാലും, ഫ്രീ ബൈബിളിനായി വിനിയോഗിക്കുകയും ചെയ്യുക.

**b) കലണ്ടർ:** ഈ വർഷം പരസ്യം സംഘടിപ്പിച്ച്, പരസ്യത്തിന് ലഭിക്കുന്ന തുകയ്ക്ക് ബൈബിൾ സൗജന്യമായി കൊടുക്കുക.

**c)** സംഭാവനയായി സ്വീകരിക്കുന്ന തുക സൗജന്യബൈബിളിനായി ഉപയോഗിക്കുക.

**d)** ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ മുഖേന ഓരോ രൂപതയിൽനിന്ന് മെമ്പർഷിപ്പ് എടുപ്പിക്കുകയാണെങ്കിൽ അവർക്ക് ഓരോ മെമ്പർഷിപ്പിന് രണ്ട് ബൈബിൾ വീതം പകുതിവിലയ്ക്ക് കൊടുക്കുക.

യോഗാംഗങ്ങൾ ഈ നിർദേശങ്ങളെ സ്വാഗതം ചെയ്തു.

**9)** എല്ലാ അംഗങ്ങളും കുറഞ്ഞത് ഓരോരുത്തരെയെങ്കിലും ഓരോ വർഷവും മെമ്പർഷിപ്പ് എടുപ്പിക്കണമെന്ന് സെക്രട്ടറിയച്ചൻ നിർദേശിച്ചു. എല്ലാ ഇടവകകളിലേക്കും സൊസൈറ്റിയെക്കുറിച്ച് സർക്കുലർ അയക്കുന്നത് നല്ലതാണെന്നും യോഗം അഭിപ്രായപ്പെട്ടു. ഇപ്പോൾ ഉള്ള ബ്രോഷർ കൂടുതൽ അച്ചടിക്കുമെന്നും സൊസൈറ്റിയെക്കുറിച്ചുള്ള വിവരങ്ങൾ പുതിയ വെബ്സൈറ്റിൽ

കൊടുക്കുന്നുണ്ടെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

**10) ഷോർട്ട് ഫിലിം മത്സരം:** കോളേജ് വിദ്യർഥികൾക്കായി ഒരു ഷോർട്ട് ഫിലിം തയ്യാറാക്കി മത്സരം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ അഭിപ്രായം ആരാഞ്ഞു. യോഗാംഗങ്ങൾ ഇതിനെ അനുകൂലിച്ചു.

**നിർദേശങ്ങൾ:**

ഇന്റേണൽ ഓഡിറ്ററെ വയ്ക്കുന്നത് നല്ലതായിരിക്കുമെന്ന് ശ്രീ. സാബു ജോസ് അഭിപ്രായപ്പെട്ടു. ജനറൽ ബോഡിയിലാണ് അത് തീരുമാനിക്കേണ്ടതെന്ന് അഡ്വ. ജോസി സേവ്യർ അറിയിച്ചു. രജിസ്ട്രേഡ് സൊസൈറ്റിയായതുകൊണ്ട് കണക്ക് നോക്കാൻ മാനേജിംഗ് കൗൺസിലിൽനിന്ന് അംഗങ്ങളെ വയ്ക്കുന്നത് നല്ലതാണെന്ന് ഫാ. തോമസ് തറയിൽ അഭിപ്രായപ്പെട്ടു. മാനേജിംഗ് കൗൺസിലിൽ ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ തീരുമാനമായി.

കഴിഞ്ഞ ജനറൽ ബോഡിയിൽ നടന്ന തിരഞ്ഞെടുപ്പിൽ പോരായ്മകൾ ഉണ്ടായിരുന്നെന്ന ശ്രീ. സാബു ജോസിന്റെ പരാമർശത്തോട്, നിയമാവലിയനുസരിച്ചു മാത്രവും കുറ്റമറ്റ രീതിയിലുമാണ് ഇലക്ഷൻ നടന്നതെന്ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം മറുപടി നല്കി.

സൈൻ ബൈബിൾ രണ്ട് സി.ഡി. ഇറക്കിയതിലൂടെ ഭിന്നശേഷിയുള്ള ശ്രീമതി ലിനി തനിക്ക് ബൈബിളിനെക്കുറിച്ച് പഠിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷവും അത് മറ്റുള്ളവർക്ക് പങ്കുവയ്ക്കാൻ സാധിച്ചതും സി. അഭയയിലൂടെ യോഗാംഗങ്ങൾക്ക് വിശദീകരിച്ചു കൊടുത്തു. മാസത്തിൽ ഒരിക്കൽ ഇതുപോലെയുള്ളവർക്ക് ബൈബിളിനെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായമുണ്ടായി. അവർക്കും ലോഗോസ് ക്വിസിൽ പങ്കെടുക്കാൻ അവസരം ഒരുക്കണമെന്നും അഭിപ്രായപ്പെട്ടു. യോഗാംഗങ്ങൾ ഹർഷാരവത്തോടെ അതു സ്വാഗതം ചെയ്തു. സൈൻ ബൈബിൾ തുടർന്നും ഇറക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

**ഓഡിറ്റർ:** ബൈബിൾ സൊസൈറ്റിയുടെ ഓഡിറ്ററായി ശ്രീ. പി. സി. വർഗീസിനെ യോഗം വീണ്ടും ഓഡിറ്ററായി നിയമിച്ചു.

കഴിഞ്ഞവർഷം സൊസൈറ്റിയിലേക്ക് ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത രൂപതയ്ക്കുള്ള മാർ ജോസഫ് പള്ളിക്കാപറമ്പിൽ അവാർഡിന് കോട്ടപ്പുറം രൂപത അർഹമായി. ഫാ. ക്ലീറ്റസ് കൊച്ചിക്കാട്ട് പിതാവിൽനിന്ന് പുരസ്ക്കാരം ഏറ്റുവാങ്ങി. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തതിനും ഏറ്റവും കൂടുതൽ തുക സമാഹരിച്ചതിനും സി. ആൽഫി സി.റ്റി.സി. അവാർഡിന് അർഹയായി.

ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ പിതാവിനും വേദിയിലിരിക്കുന്നവർക്കും സദസിലിരിക്കുന്നവർക്കും സ്റ്റാഫിനും കൃതജ്ഞതയർപ്പിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും വചനസ്മൃതി, യേശു ദൈവവും ചരിത്രപുരുഷനും, ബൈബിൾ ഓഡിയോ സിഡി (പ്രവാചകന്മാർ) എന്നിവ സമ്മാനമായി നല്കുകയുണ്ടായി. യോഗനടപടിക്ക് എം സി ആയിരുന്നത് ശ്രീ. തോമസ് എൺപതിൽ ആയിരുന്നു. വൈകീട്ട് 4.30 ന് യോഗം അവസാനിപ്പിച്ചു. തുടർന്ന് ചായ സത്ക്കാരവും ഉണ്ടായിരുന്നു.

**5. എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 21 ആഗസ്റ്റ് 2017**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2017 ആഗസ്റ്റ് 21ന് വൈകിട്ട് 4 മണിക്ക്, ചെയർമാൻ അഭിവന്ദ്യ മാർ എബ്രഹാം യൂലിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ മൂവാറ്റുപുഴ രൂപതാ കാര്യാലയത്തിൽ വച്ച് കൂടുകയുണ്ടായി. ശ്രീമതി ജാൻസി ജേക്കബ് നയിച്ച പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു.

ലോഗോസ് ക്വിസ് 2017ന്റെ നടത്തിപ്പിലുള്ള ചില പ്രശ്നങ്ങൾ ചർച്ചചെയ്യാനും

വേണ്ട തീരുമാനങ്ങൾ എടുക്കുന്നതിനുംവേണ്ടിയാണ് യോഗം കൂടിയത്. യോഗത്തിന്റെ അവസാനം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു. 1. വേരിത്താസ് ക്വിസിനുവേണ്ടി രജിസ്ട്രേഷൻ സ്വീകരിച്ച്, തൃശൂർ അതിരൂപതയിൽ പരീക്ഷ നടത്തി സെലക്ട് ചെയ്തവരെ മാത്രം ലോഗോസ് 2017 പരീക്ഷയിൽ പങ്കെടുപ്പിക്കുന്നത് നിയമാനുസൃതമല്ലാത്തതിനാൽ അനുവദിക്കാൻ പാടില്ല. 2. രൂപതകളിൽ സാധാരണ ചെയ്യാറുള്ളതുപോലെ ലോഗോസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവരെയും, അതായത്, ഇപ്പോൾ വേരിത്താസ് ക്വിസിൽ ചേർന്നിട്ടുള്ള എല്ലാവരെയും രജിസ്റ്റർ ചെയ്ത് പങ്കെടുപ്പിക്കുകയാണെങ്കിൽ രണ്ടു – മൂന്നു ദിവസംകൂടി പേര് രജിസ്റ്റർ ചെയ്യാൻ തൃശൂരിന് സമയം നീട്ടിക്കൊടുക്കാം.

6 മണിയോടെ യോഗം അവസാനിച്ചു. ചായ സത്ക്കാരത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

**6. എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 14 ഒക്ടോബർ 2017**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2017 ഒക്ടോബർ 14–ാം തീയതി ഉച്ചയ്ക്കുശേഷം 1.30ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. സി. ആഗ്നസ് ജോർജ് നയിച്ച പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി സ്വാഗതമാശംസിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ 2017 ആഗസ്റ്റ് 21–നു നടന്ന എക്സിക്യൂട്ടിവ് യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അതു പാസാക്കി. തുടർന്ന് എക്സിക്യൂട്ടിവ് മീറ്റിംഗിനുശേഷമുള്ള മാനേജിംഗ് കൗൺസിൽ മീറ്റിംഗിൽ അവതരിപ്പിക്കാനുള്ള വിഷയങ്ങളെപ്പറ്റി സെക്രട്ടറിയച്ചൻ സംസാരിച്ചു. പ്രധാനമായും നവംബർ 12–നു നടത്താൻ പോകുന്ന ലോഗോസ് മേഖലാ ക്വിസിനെക്കുറിച്ചും നവംബർ 23–26 തീയതികളിൽ പി.ഒ.സി.യിൽവച്ചു നടത്താനുള്ള സംസ്ഥാനതല ക്വിസിനെക്കുറിച്ചുമാണ് സംസാരിച്ചത്.

2017 ജൂലൈ മാസത്തിൽ നടന്ന വാർഷിക പൊതുയോഗത്തിൽ ഇന്റേണൽ ഓഡിറ്റേഴ്സിനെ നിയമിക്കണമെന്ന് ആവശ്യം ഉയർന്നിരുന്നു. അതനുസരിച്ച് ഓഡിറ്റേഴ്സിനെ നിയമിക്കുന്ന കാര്യവും അച്ചൻ അറിയിച്ചു.

തൃശൂർ രൂപതയുടെ മേഖലാതല ബൈബിൾ ക്വിസിലെ പങ്കാളിത്തവും തിരഞ്ഞെടുക്കപ്പെട്ട കുറച്ചുപേരെ മാത്രം പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതിലെ അപാകതകളും ചർച്ചചെയ്യപ്പെട്ടു. പ്രാർഥനയോടെ 2 മണിക്ക് എക്സിക്യൂട്ടിവ് യോഗം അവസാനിച്ചു.

**7. മാനേജിംഗ് കൗൺസിൽ യോഗ റിപ്പോർട്ട് 14 ഒക്ടോബർ 2017**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽയോഗം 14.10.2017–ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ അബ്രാഹം മാർ യൂലിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീമതി ആലീസ് കുട്ടിയുടെ പ്രാർഥനയോടെ യോഗ നടപടികൾ ആരംഭിച്ചു.

ശ്രീ. ആന്റണി പാലിമറ്റം അഭിവന്ദ്യപിതാവിനും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സൊസൈറ്റിയുടെ സജീവവും സുഗമവുമായ പ്രയാണത്തിൽ മാനേജിംഗ്–എക്സിക്യൂട്ടിവ് അംഗങ്ങളുടെ സഹകരണം അനിവാര്യമാണെന്ന് ശ്രീ. പാലിമറ്റം ഓർമിപ്പിച്ചു.

മാനേജിംഗ് കൗൺസിൽ അംഗങ്ങൾ പലരും ദീർഘയാത്ര ചെയ്ത് വന്നിരിക്കുന്നത് വചനത്തോടുള്ള തീക്ഷ്ണത കൊണ്ടാണെന്ന് അഭിവന്ദ്യപിതാവ് അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. കേരളത്തിലും കേരളത്തിനു പുറത്തും വിഖ്യാതമായ

ലോഗോസ് ക്വിസും മറ്റു സംരംഭങ്ങളും എല്ലാ വർഷവും നന്നായി നടക്കാൻ എല്ലാവിധ അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് പിതാവ് ആശംസിച്ചു.

തുടർന്ന് ബൈബിൾ സൊസൈറ്റിയുടെ ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ മുൻ യോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. റിപ്പോർട്ട് അവതരണശേഷം ഈ വർഷം പുതുതായി ആരംഭിച്ചിരിക്കുന്ന ഷോർട്ട് ഫിലിം മത്സരത്തിന്റെ രജിസ്ട്രേഷൻ നല്ല രീതിയിൽ നടക്കുന്നുവെന്നും അത്മായർക്കായുള്ള "ബൈബിളും വ്യാഖ്യാനവും, വിശ്വാസവും" എന്ന കോഴ്സ് ഒക്ടോബർ 19,20,21 തീയതികളിൽ സംഘടിപ്പിക്കുന്നുവെന്നും അച്ചൻ പറഞ്ഞു. അതിനുശേഷം ചർച്ചയ്ക്കുള്ള വിഷയങ്ങൾ അവതരിപ്പിച്ചു.

2017 ജൂലൈ മാസത്തിൽ നടന്ന വാർഷിക പൊതുയോഗ നിർദേശമനുസരിച്ച് ഇന്റേണൽ ഓഡിറ്റർമാരെ തിരഞ്ഞെടുക്കണമെന്ന് സെക്രട്ടറിയച്ചൻ ആവശ്യപ്പെട്ടു. ഓഡിറ്റ് രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എക്സിക്യൂട്ടിവ് അംഗമായ ശ്രീമതി കൊച്ചുത്രേസ്യ വി.എയെയും പള്ളിയുടെ ഓഡിറ്ററും ഈ രംഗത്ത് പരിചയവുമുള്ള മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീ. ബിജോയ് മത്തായിയുടെയും പേരുകൾ ശ്രീ. ആന്റണി പാലിമറ്റം നിർദേശിക്കുകയും വേറെയും പേരുകളുണ്ടെങ്കിൽ നിർദേശിക്കണമെന്നു പറയുകയും ചെയ്തു. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരായതുകൊണ്ട് അവർ അനുയോജ്യരാണെന്ന് അഡ്വ. ജോസി സേവ്യർ അഭിപ്രായപ്പെട്ടു. എല്ലാവരും അതിനോട് യോജിച്ചു. സൊസൈറ്റിയുടെ ഇന്റേണൽ ഓഡിറ്റർമാരായി ശ്രീമതി കൊച്ചുത്രേസ്യ വി.എയെയും ശ്രീ. ബിജോയ് മത്തായിയെയും യോഗം തിരഞ്ഞെടുത്തു.

ലോഗോസ് നടത്തിപ്പിൽ തുടരുന്ന നിയമങ്ങൾ എല്ലാം ക്രോഡീകരിക്കുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായമനുസരിച്ച് താഴെ പറയുന്ന കാര്യങ്ങളിൽ ധാരണയായി.

1. ലോഗോസ് ക്വിസ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി തീരുമാനിക്കുന്ന നിയമങ്ങളും ചട്ടങ്ങളുമനുസരിച്ചാണ് നടത്തപ്പെടുന്നത്. തർക്കങ്ങളുണ്ടായാൽ മാനേജിംഗ് കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കും.

2. ഓരോ രൂപതകൾ വഴിയാണ് ലോഗോസ് രജിസ്ട്രേഷൻ നടത്തുന്നത്. ലോഗോസ്ക്വിസിന് ഓരോ രൂപതയും പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ ശ്രമിക്കണം.

3. ലോഗോസ് ക്വിസിലെ പങ്കാളിത്തം കുറയ്ക്കുന്ന വിധത്തിൽ രൂപതകൾ സമാന്തര ബൈബിൾ ക്വിസ് നടത്താൻ പാടില്ല.

4. ലോഗോസ് ക്വിസിൽ പങ്കെടുക്കുവാൻ രൂപതകളിൽ ഒരു ഘട്ടത്തിലും തിരഞ്ഞെടുപ്പുകൾ നടത്താൻ പാടില്ല.

5. പരീക്ഷാ സെന്ററുകൾ അനുവദിക്കാൻ കുറഞ്ഞത് 25 പേർ ഉണ്ടായിരിക്കണം.

നവംബർ 12ന് നടത്തുന്ന സംസ്ഥാനതല പരീക്ഷയെക്കുറിച്ചും അതിന്റെ ക്രമീകരണങ്ങളും അത് നടത്തുവാൻ പോകുന്ന ടീമുകളും നിശ്ചയിച്ചു. നവംബർ 23 മുതൽ 26 വരെ പി.ഒ.സിയിൽ വച്ച് നടക്കുന്ന സെമി/ഫൈനൽ ലോഗോസിനെക്കുറിച്ചും സെക്രട്ടറിയച്ചൻ വിശദീകരിച്ചു. രണ്ടു പരീക്ഷകളിലും മാനേജിംഗ് എക്സിക്യൂട്ടിവ് കമ്മറ്റിയംഗങ്ങളുടെ പങ്കാളിത്തം ഉണ്ടാകണമെന്നും അഭ്യർഥിച്ചു.

ലോഗോസ് പരീക്ഷയിലെ തൃശൂർ അതിരൂപതയുടെ പങ്കാളിത്തം തുടർന്ന് ചർച്ച ചെയ്യപ്പെട്ടു. അതിരൂപതാ ഡയറക്ടറുടെ അഭാവത്തിൽ അസി. ഡയറക്ടർ ഈ ചർച്ചയിൽ പങ്കെടുത്തു. തുടർന്നുള്ള ചർച്ചയിൽ ലോഗോസിന്റെ പ്രഥമ ലക്ഷ്യം വചനം വായിക്കുകയും വചനത്തെ സ്നേഹിക്കുകയുമാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. ചർച്ചയുടെ അവസാനം ഈയൊരു തീരുമാനം യോഗാംഗങ്ങൾ അംഗീകരിച്ചു. തൃശൂർ അതിരൂപതയുടെ ലോഗോസ് രജിസ്ട്രേഷൻ ലോഗോസിന്റെ ഇതുവരെയുള്ള പങ്കാ

ളിത്തത്തിനു വിരുദ്ധമായതിനാൽ അവർ ഈ വർഷത്തെ മത്സരങ്ങളിൽ നിന്ന് സ്വയം പിൻമാറുക. എന്നാൽ അവർ ഈ വർഷം സ്വീകരിച്ച തെറ്റായ നിലപാടുകൾക്ക് രേഖാമൂലം ക്ഷമാപണം നല്കുകയാണെങ്കിൽ അവരെ ഈ വർഷത്തെ തുടർന്നുള്ള പരീക്ഷയിൽ പങ്കെടുപ്പിക്കാവുന്നതാണ്.

തുടർന്ന് ലോഗോസ് പരീക്ഷയുടെ വിലയിരുത്തലായിരുന്നു. സെപ്തംബർ 24ന് നടന്ന ലോഗോസ് ക്വിസിൽ പരീക്ഷാ കേന്ദ്രങ്ങൾ സന്ദർശിച്ച മാനേജിംഗ് എക്സിക്യൂട്ടിവ് കൗൺസിൽ അംഗങ്ങൾ (ബിജോയ്, ഫ്രാൻസിസ് സേവ്യർ, ആന്റണി പാലിമറ്റം, ടെറസിറ്റ ക്ലീറ്റസ്, അന്നമ്മ ജോസഫ്) തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. പരീക്ഷാ കേന്ദ്രങ്ങൾ സന്ദർശിക്കുന്നത് പങ്കെടുക്കുന്നവർക്ക് ഒരു പ്രചോദനമാണെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

ഏറ്റവും കൂടുതൽ ആളുകളെ ചേർത്തതിന് എറണാകുളം, പാലാ, ഇരിങ്ങാലക്കുട രൂപതകളെയും ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ഇടവകകളെയും അനുമോദിച്ചു.

അഭിവന്ദ്യ പിതാവിനും മാനേജിംഗ് എക്സിക്യൂട്ടിവ് കൗൺസിൽ അംഗങ്ങൾക്കും സെക്രട്ടറിയച്ചൻ നന്ദി പറഞ്ഞു. പ്രാർഥനാഗാനത്തോടെ 4 മണിക്ക് യോഗം അവസാനിച്ചു. ചായസത്കാരത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

**7. മാനേജിംഗ് കൗൺസിൽ യോഗം 15 ഫെബ്രുവരി 2018**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2018 ഫെബ്രുവരി 15–ാം തീയതി 1.30മണിക്ക് പി.ഒ.സിയിൽ ചെയർമാൻ എബ്രാഹം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ ശ്രീമതി ജാൻസി ജേക്കബിന്റെ പ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 31 അംഗങ്ങൾ സന്നിഹിതരായിരുന്നു. 2018ലെ ആദ്യത്തെ യോഗമാണിതെന്നും എല്ലാവരുടെയും ആത്മാർഥമായ സഹകരണമുണ്ടാകണമെന്നും ആശംസിച്ചുകൊണ്ട് യോഗത്തിലേക്ക് ചെയർമാൻ പിതാവിനെയും മറ്റെല്ലാ അംഗങ്ങളെയും ശ്രീ. ആന്റണി പാലിമറ്റം സ്വാഗതം ചെയ്തു.

വളരെ തീക്ഷ്ണതയോടെയും വലിയ പ്രതീക്ഷയോടെയുമാണ് ബൈബിൾ സൊസൈറ്റിയിലെ അംഗങ്ങളെല്ലാം പ്രവർത്തിക്കുന്നത്. കാഴ്ചവൈകല്യമുള്ളവർക്കായും ബധിരർക്കായും ബൈബിൾ തയ്യാറാക്കി കൊടുക്കുന്നു. സൗജന്യമായി നമുക്കു കിട്ടിയത് സൗജന്യമായിത്തന്നെ കൊടുക്കണമെന്നും പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

മുൻയോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗമത് പാസാക്കി. എല്ലാ അംഗങ്ങളും സ്വയം പരിചയപ്പെടുത്തി.

**ബൈബിൾ അംബാസിഡർ**

ബൈബിൾ സൊസൈറ്റിയിൽ 100000 രൂപ നല്കി ബൈബിൾ അംബാസിഡറായ ശ്രീ. തോമസ് ഫിലിപ്പിനെ ചെയർമാൻ പിതാവ് സർട്ടിഫിക്കറ്റ് നല്കി ആദരിച്ചു. ബൈബിളിലുള്ള ശ്രീ. തോമസ് ഫിലിപ്പിന്റെ വലിയ താല്പര്യം പ്രശംസനീയമാണെന്നും വചനസ്നേഹം പ്രായോഗികതലത്തിലേക്ക് വന്നു കഴിയുമ്പോൾ അനേകർക്ക് പ്രയോജനം ലഭിക്കുമെന്നും പിതാവ് പറഞ്ഞു. ദൈവം നല്കിയ വലിയ അനുഗ്രഹത്തിലൂടെ ബൈബിൾ അംബാസിഡർ ആകാൻ സാധിച്ചതിലുള്ള സന്തോഷം ശ്രീ. തോമസ് ഫിലിപ്പ് എല്ലാവരുമായി പങ്കുവച്ചു.

**ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്:** ഈ വർഷം കറസ്പോണ്ടൻസ് കോഴ്സിന്റെ രണ്ടു പുതിയ പുസ്തകങ്ങൾ തയ്യാറാക്കി. ഡോ. സെബാസ്റ്റ്യൻ കിഴക്കേലും ഡോ. ജോൺസൺ പുതുശ്ശേരി C.S.Tയും തയ്യാറാക്കിയ ഈ പുസ്തകങ്ങൾ ഈ വർഷം ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ കൂടുതലായി രജിസ്റ്റർ

ചെയ്ത നെയ്യാറ്റിൻകര രൂപതയിലെ അംഗവും മാനേജിംഗ് കൗൺസിലിലെ അംഗവുമായ ശ്രീ. ബിനുവിന് ചെയർമാൻ പിതാവ് നല്കി പ്രകാശനം ചെയ്തു.

**സൈൻ ബൈബിൾ:** സൈൻബൈബിളിന്റെ മൂന്നാം ഭാഗം ശ്രീമതി ജാൻസി ജേക്കബിന് ചെയർമാൻ പിതാവ് കൈമാറി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച സി. അഭയ F.C.C, ശ്രീ. സച്ചിൻ ആന്റണി, ശ്രീ. ഡിനു എന്നിവരെ സെക്രട്ടറിയച്ചൻ അഭിനന്ദിച്ചു. സൈൻബൈബിൾ സൗജന്യമായി കൊടുക്കുന്നതാണെന്നും ബധിരർക്കായുള്ള സ്ഥാപനങ്ങൾക്ക് ഇത് എത്തിച്ചു കൊടുക്കാൻ ശ്രമിക്കണമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. മൂന്നു ഡി.വി.ഡി.കളിലെയും കഥകൾ www.keralabiblesociety.com ലെ signbible-ൽ കൊടുത്തിരിക്കുന്ന ലിങ്കുവഴി കാണുവാൻ സാധിക്കുമെന്നും അച്ചൻ അറിയിച്ചു.

**ലോഗോസ് 2017:** 2017ലെ ലോഗോസ് ക്വിസിന്റെ വരവു ചെലവ് കണക്ക് സെക്രട്ടറിയച്ചൻ അവതരിപ്പിച്ചു. ആകെ വരവ് 25,32,145 രൂപയും ചിലവ് 27,10,694 രൂപയുമാണ്. ഈ വർഷം വരവ് അല്പം കുറഞ്ഞതു കാരണമാണ് സൊസൈറ്റിയിൽനിന്ന് തുക ചെലവഴിക്കേണ്ടിവന്നു എന്നും ഇതിനെക്കുറിച്ച് മുൻ മാനേജിംഗ് കൗൺസിൽ യോഗത്തിൽ പറഞ്ഞിരുന്നതാണെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ലോഗോസ് ക്വിസ് വളരെ വിജയകരമായി പൂർത്തിയാക്കാൻ സഹകരിച്ച എല്ലാവർക്കും സെക്രട്ടറിയച്ചൻ നന്ദി അറിയിച്ചു. തുടർന്ന് 2017 ലോഗോസ് ക്വിസിനെക്കുറിച്ചുള്ള അഭിപ്രായം ആരാഞ്ഞു. ശ്രീ. ജോസഫ് പന്തപ്ലാക്കൽ തനിക്ക് നേരിട്ട അനുഭവങ്ങൾ പങ്കുവച്ചു. രൂപതകളിൽ ലോഗോസ് രജിസ്ട്രേഷനായി ഒരാളെ നിയമിക്കുന്നത് ഇത് സുഗമമായി നടത്താൻ ആവശ്യമാണെന്നും ഓൺലൈൻ രജിസ്ട്രേഷന്റെ സാധ്യതകൾ എല്ലാവരും ഉപയോഗിക്കണമെന്നും അദ്ദേഹം പ്രത്യേകം പറഞ്ഞു.

ഈ പ്രാവശ്യത്തെ ലോഗോസ് ചോദ്യങ്ങൾ ലളിതമായിരുന്നു എന്ന് ശ്രീ. ഡേവിസ് എം. പോൾ അറിയിച്ചു. സാധാരണക്കാർക്ക് ഈ ചോദ്യം കിട്ടുമ്പോൾ എല്ലാവർക്കും അൻപതുമാർക്കെങ്കിലും കിട്ടണമെന്ന ഉദ്ദേശ്യത്തോടെയാണ് എളുപ്പമുള്ള ചോദ്യങ്ങൾ ഇട്ടത് എന്നും, മറ്റു ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ പഠിച്ചവർക്ക് മാത്രമേ സാധിക്കൂ എന്നും സെക്രട്ടറിയച്ചൻ വിശദീകരിച്ചു. ചില രൂപതകളിൽ ഇടവകതലത്തിൽ മത്സരങ്ങൾ നടത്തി പരീക്ഷാ ഒരുക്കം നടത്തുന്നു. ലോഗോസിന് ഇതുപോലെ ഒരുക്കങ്ങൾ നടത്തുന്നത് നല്ലതാണ് എന്നും ലോഗോസ് പങ്കാളിത്തം കൂട്ടാൻ ഇനിയും ശ്രമിക്കണമെന്നും അച്ചൻ സൂചിപ്പിച്ചു.

ലോഗോസ് ക്വിസ് ടി.വി സംപ്രേഷണം തുടങ്ങിയെന്നും ഫെബ്രുവരി 12-ാം തീയതി രാത്രി 9.00 മണി മുതൽ ഗുഡ്നസ്സ് ടി.വിയിൽ 'A' ഗ്രൂപ്പുമുതൽ ആരംഭിച്ചുവെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. നാലു മാസത്തോളം എല്ലാം തിങ്കളാഴ്ചയും ടിവിയിൽ മത്സരം കാണാവുന്നതാണ്. ഈ വർഷം വീണ്ടും ആരംഭിച്ച A-F ഗ്രൂപ്പിൽനിന്നുള്ള പത്ത് വിജയികളെ ഉൾപ്പെടുത്തിയുള്ള ടി.വി. ഫൈനൽ മത്സരങ്ങളുടെ ഒരുക്കം ശ്രമകരമായിരുന്നെങ്കിലും അതെല്ലാം വിജയകരമായി പൂർത്തിയാക്കിയെന്ന് വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം പറഞ്ഞു.

NRI ഓൺലൈൻ ലോഗോസ് ക്വിസ് ഇനിയും ശക്തിപ്പെടുത്തണമെന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കൽ പറഞ്ഞു. മത്സരസമയം വിദേശരാജ്യങ്ങളിലുള്ളവർക്ക് സൗകര്യപ്രദമാകാത്തതുകൊണ്ടാകാം അധികംപേർ ഇതിൽ ചേരാത്തതെന്ന് സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു. ഇരിങ്ങാലക്കുട രൂപതയുടെ ഭാഗമായിരുന്ന ഹൊസൂർ രൂപതയിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഓഫീസിൽ വരുകയും ലോഗോസിൽ അടുത്തവർഷം മുതൽ ഹൊസൂർ രൂപതയെയും പങ്കെടുപ്പിണമെന്നുള്ള അപേക്ഷാ തരികയും ചെയ്തു എന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. അവരെ ക്വിസിൽ പങ്കെടുപ്പിക്കാൻ യോഗം തീരുമാനിച്ചു. പാറശ്ശാല രൂപതകൂടി അടുത്തകൊല്ലം പുതിയ

തായി ക്വിസിൽ ചേരുമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

**ബൈബിൾ കോഴ്സ്:** വചനവ്യാഖ്യാനത്തെക്കുറിച്ചുള്ള മൂന്നു ദിവസത്തെ കോഴ്സിൽ ബൈബിൾ സൊസൈറ്റി അംഗങ്ങളെയും സബ്സിഡി നിരക്കിൽ പങ്കെടുപ്പിച്ചുവെന്നും കോഴ്സ് വിജയകരമായിരുന്നെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. രൂപതകളിലും സമാനകോഴ്സുകൾ നടത്താൻ അപ്പോസ്തലേറ്റ് ഡയറക്ടർമാർ ശ്രദ്ധിക്കണമെന്ന് അച്ചൻ ഓർമിപ്പിച്ചു. ചില രൂപതകളിൽ വിവിധ ബൈബിൾ കോഴ്സുകൾ നന്നായി നടക്കുന്നുണ്ടെന്നും മറ്റു രൂപതകളും ബൈബിൾ കോഴ്സ് സംഘടിപ്പിക്കാൻ ശ്രമിക്കണമെന്നും സെക്രട്ടറിയച്ചൻ ആഹ്വാനം ചെയ്തു.

**ഷോർട്ട് ഫിലിം മത്സരം:** ബൈബിൾ കമ്മീഷന്റെ കീഴിൽ ഈ വർഷം പുതിയതായി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കപ്പെട്ടു. ഇടവകതലത്തിലും സ്ഥാപനതലത്തിലും വളരെ താത്പര്യത്തോടെയാണ് യുവജനങ്ങൾ ഇതിൽ പങ്കെടുത്തത്. ഒന്നാം സമ്മാനം നേടിയത് പുനലൂർ രൂപതയിലെ ശ്രീ. ബിനു സമർപ്പിച്ച 'ഒന്നാം പാഠം' എന്ന ഹ്രസ്വചലച്ചിത്രത്തിനായിരുന്നു. സ്ഥാപനതലത്തിൽ ചാലക്കുടി സേക്രട്ട് ഹാർട്ട് കോളേജിലെ ശ്രീമതി റോസി തമ്പി സംവിധാനം ചെയ്ത 'സാക്ഷ' എന്ന ഹ്രസ്വചലച്ചിത്രത്തിനു ലഭിച്ചു.

**ബൈബിൾ പാരായണമാസം:** ബൈബിൾ കമ്മീഷന്റെ കീഴിലെ ബൈബിൾ പാരായണാഘോഷം വളരെ വ്യത്യസ്തമായി നാലുമേഖലകളിൽ വിജയപുരം, താമരശ്ശേരി, കോതമംഗലം, കൊച്ചി എന്നീ രൂപതകളുമായി സഹകരിച്ച് നടത്തി. മാനേജിംഗ് കൗൺസിൽ അംഗങ്ങൾ ഇതിൽ സഹകരിച്ചു. നാലു സ്ഥലത്തും വ്യത്യസ്തരീതിയിൽ വളരെ ഭംഗിയായി സംഘടിപ്പിച്ച വചനപാരായണത്തിൽ മാനേജിംഗ് കൗൺസിൽ അംഗങ്ങൾ സഹായിച്ചു. വിജയപുരം രൂപതയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തുവച്ചു നടന്ന ബൈബിൾ പാരായണത്തിൽ തിരുവല്ല, കോട്ടയം, ചങ്ങനാശ്ശേരി, വിജയപുരം രൂപതകളിലെ അംഗങ്ങളും ഓർത്തഡോക്സ്, യാക്കോബായ, സി.എസ്.ഐ എന്നീ സഭകളിൽ നിന്നുള്ളവരും പങ്കെടുത്തു എന്നും അത് വൻവിജയമായിരുന്നുവെന്നും ഡയറക്ടർ ഫാ. വർഗീസ് കൊട്ടേക്കാട്ട് പങ്കുവച്ചു. ഇതിന്റെ കൂടെ ശ്രീ. സച്ചിൻ ആന്റണിയുടെ നേതൃത്വത്തിൽ ബൈബിൾ എക്സിബിഷനും ഉണ്ടായിരുന്നു. കൊച്ചി രൂപതയിലെ ബൈബിൾ പാരായണ അനുഭവം ശ്രീമതി ജാൻസി ജേക്കബ് പങ്കുവച്ചു. ഇരുപത്തിനാല് മണിക്കൂറും തുടർച്ചയായി സമ്പൂർണ ബൈബിൾ വായിച്ചു എന്നതായിരുന്നു ഇവിടത്തെ പ്രത്യേകത. വരാപ്പുഴ അതിരൂപതയിലെ നോമ്പുകാല ബൈബിൾ പാരായണത്തെക്കുറിച്ച് ശ്രീ. സച്ചിൻ ആന്റണിയും പങ്കുവച്ചു. അരണാട്ടുകര ഇടവകയിലും ബൈബിൾ പാരായണം വളരെ നന്നായി സംഘടിപ്പിക്കപ്പെട്ടു എന്ന് പി. വി. സെബാസ്റ്റ്യൻ പറഞ്ഞു.

**2018 ലോഗോസ് ക്വിസ്:** ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടേഴ്സ് യോഗത്തിൽ ടി.വി ക്വിസിൽ ബസ്സർ റൗണ്ടിന്റെ മാർക്ക് കുറയ്ക്കണമെന്നുള്ള നിർദേശമുണ്ടായി. അത് അടുത്തവർഷം പരിഗണിക്കുന്നതായിരിക്കും. അടുത്ത വർഷവും ആറ് ഗ്രൂപ്പിനുള്ള ടി.വി ക്വിസ് നടത്തുന്നത് നന്നായിരിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു.

തുടർന്ന് ആലുവയിലെ സി.സി.ബി.യിൽ (Catholic Congregation For The Blind) തയ്യാറാക്കിയ ബ്രെയിലി ബൈബിൾ അതിനു നേതൃത്വം നല്കിയ ബ്ര. റോബിന്റെ സാന്നിധ്യത്തിൽ അഭിവന്ദ്യ യൂലിയോസ് പിതാവ് പ്രകാശനം ചെയ്തു. സുവിശേഷങ്ങൾ അച്ചടിച്ചു തുടങ്ങിയെന്നും ഇത് സൗജന്യമായി വിതരണം ചെയ്യുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. തുടർന്ന് പിതാവ് വചനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഏവരേയും അഭിനന്ദിച്ചു. ദൈവവചനത്തിനുവേണ്ടി ശുശ്രൂഷ ചെയ്യുമ്പോൾ ലാഭം വേണ്ട, നഷ്ടവും വരാതെ നോക്കണം എന്ന് പിതാവ് ഓർമിപ്പിച്ചു.

ബൈബിൾസൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷതവ

ഹിക്കുകയും എല്ലാവർക്കും നല്ല പ്രോത്സാഹനം നല്കുകയുംചെയ്ത പിതാവിനും തീക്ഷ്ണതയോടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കും സെക്രട്ടറിയച്ചൻ നന്ദിയർപ്പിച്ചു. പങ്കെടുത്തവർക്ക് ബൈബിളും ഫാ. ഹെൻറി പട്ടരുമഠത്തിൽ രചിച്ച 'മലയിലെ പ്രസംഗവും' എന്ന പുസ്തകവും സമ്മാനമായി നല്കി. മൂന്നു മണിക്ക് ചായ സത്ക്കാരത്തോടെ മീറ്റിംഗ് സമാപിച്ചു.

## പ്രവർത്തനറിപ്പോർട്ട്

സൊസൈറ്റി അംഗങ്ങൾക്ക് രണ്ടുവർഷം കൂടുമ്പോൾ ബൈബിൾ സംബന്ധിയായ പുസ്തകം അയച്ചുകൊടുക്കണമെന്ന മുൻവർഷങ്ങളിലെ തീരുമാനമനുസരിച്ച്, ഈ വർഷം 'വെളിപാട് വായനയ്ക്കൊരു വഴികാട്ടി' എന്ന പുസ്തകം അയച്ചു കൊടുത്തു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ പുതിയനിയമത്തിന്റെ പരിഷ്കരിച്ച പതിപ്പിലെ മത്തായിയുടെ സുവിശേഷം പഠന ബൈബിളായി പ്രസിദ്ധീകരിച്ചു. വി. മർക്കോസിന്റെ സുവിശേഷവും വി. യോഹന്നാന്റെ സുവിശേഷവും ചേർത്ത് സുവിശേഷങ്ങൾ - പഠന ബൈബിൾ തയ്യാറാക്കി.

മെയ് 13-ാം തീയതി ജ്ഞാനഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി അഭിവന്ദ്യ ജയിംസ് ആനാപറമ്പിൽ പിതാവ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്നവർക്കായി ഏകദിന പഠനശിബിരം നയിച്ചു. മെയ് 20-21 തീയതികളിലായി വെളിപാടു ഗ്രന്ഥത്തെക്കുറിച്ച് ദ്വിദിന ബൈബിൾ ക്ലാസ് ഫാ. ജോൺസൺ പുതുശ്ശേരിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഈ ക്ലാസുകളിൽ നൂറോളം പേർ പങ്കെടുത്തു. ബൈബിൾ സൊസൈറ്റി അംഗങ്ങൾക്ക് ഫീസിളവു നല്കിയിരുന്നു. രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്കായി ഒക്ടോബർ 19-21 തീയതികളിലായി നടത്തിയ 'ബൈബിളും വ്യാഖ്യാനവും' എന്ന കോഴ്സിൽ 72 പേർ പങ്കെടുത്തു. ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവ് ഈ കോഴ്സ് ഉദ്ഘാടനം ചെയ്തു. ബൈബിൾ കമ്മീഷനാണ് കോഴ്സ് സ്പോൺസർ ചെയ്തത്. ബൈബിൾ കോഴ്സിൽ സൊസൈറ്റി അംഗങ്ങൾക്ക് സബ്സിഡി നല്കി പങ്കെടുപ്പിച്ചു.

വൈസ് ചെയർമാനും സെക്രട്ടറിയച്ചനും ജോയിന്റ് സെക്രട്ടറിയും ജൂൺ 29-ാം തീയതി ചെയർമാൻ അഭിവന്ദ്യ യൂലിയോസ് പിതാവിനെ മൂവാറ്റുപുഴയിലെ ബിഷപ്പ്സ് ഹൗസിൽ സന്ദർശിക്കുകയും സൊസൈറ്റിയുടെ പ്രവർത്തനങ്ങളും ഭാവി പരിപാടികളും ചർച്ചചെയ്യുകയും ചെയ്തു.

സെക്രട്ടറിയച്ചനും വൈസ് ചെയർമാനും ബ്രെയിലി ലിപിയിലെ ബൈബിൾ പ്രിന്റു ചെയ്യുന്ന സിസിബിയുടെ (കാത്തലിക് കോൺഗ്രിഗേഷൻ ഫോർ ദ ബ്ലൈൻഡ്) പ്രസ് സന്ദർശിക്കുകയും അച്ചടിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ സുവിശേഷങ്ങളാണ് അച്ചടിക്കുന്നത്. 2018 ഫെബ്രുവരി മാസത്തിലെ മാനേജിംഗ് കൗൺസിൽ മീറ്റിംഗിൽ ബ്രെയിൽ ലിപിയിൽ അച്ചടിച്ച മത്തായിയുടെ സുവിശേഷം പ്രകാശനം ചെയ്തു. വിതരണത്തിനായി കൂടുതൽ കോപ്പികൾ തയ്യാറായിക്കൊണ്ടിരിക്കുന്നു.

സൈൻ ബൈബിളിന്റെ മൂന്നാം വാല്യത്തിന്റെ ചിത്രീകരണം ഒക്ടോബറിൽ ആരംഭിച്ചു. യേശുവിന്റെ ബാല്യകാലവിവരണങ്ങളാണ് ആ വാല്യത്തിന്റെ പ്രമേയമായി എടുത്തിരിക്കുന്നത്. സി. അഭയയുടെയും ശ്രീ. സച്ചിൻ ആന്റണിയുടെയും നേതൃത്വത്തിൽ തയ്യാറാക്കിയ മൂന്നാം വാല്യം ഡിസംബർ മാസത്തിലെ കെ.സി.ബി.സി മീറ്റിംഗിൽ പ്രകാശനം ചെയ്തു. സൈൻ ബൈബിളിന്റെ എപ്പിസോഡുകളെല്ലാം സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. യൂ ടൂബിൽ ഇത് കാണാവുന്നതാണ്.

ഭിന്നശേഷിയുള്ളവരുടെയിടയിൽ ഇതിന് പ്രചാരം കിട്ടിവരുന്നു.

ഈ വർഷം പുതുതായി അംഗത്വം നല്കാൻ തീരുമാനിച്ച വടക്കേ ഇന്ത്യയിലെ സാന്തോം മിഷനെ ലോഗോസിൽ ചേർക്കുകയും, പങ്കെടുക്കവാനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

ഗ്രൂപ്പുഫൈനൽ ടെലിക്വിസ് ആയി നടത്തുവാനുള്ള യോഗ തീരുമാനമനുസരിച്ച്, അതിനുള്ള ഒരുക്കങ്ങൾ നടത്തുകയും ക്വിസ് മാസ്റ്റർമാരെ വിളിച്ചുകൂട്ടുകയും ചെയ്തു.

സെപ്തംബർ 24-ാം ലോഗോസ് മത്സരങ്ങൾ കേരളത്തിലും കേരളത്തിനുപുറത്തുമായി 37 രൂപതകളിൽ നടന്നു. മാനേജിംഗ് - എക്സിക്യൂട്ടിവ് കൗൺസിൽ അംഗങ്ങൾ വിവിധ പരീക്ഷാകേന്ദ്രങ്ങൾ സന്ദർശിക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

2017ലെ ലോഗോസ് ക്വിസിന്റെ സംസ്ഥാനതല പരീക്ഷയുടെ ആദ്യഘട്ടം കൊല്ലം, കോഴിക്കോട്, ആലുവ എന്നീ സെന്ററുകളിലായി നടത്തി. ആലുവയിൽ അഭിവന്ദ്യ തോമസ് ചക്യാത്ത് പിതാവും മറ്റിടങ്ങളിൽ വികാരി ജനറൽമാരും സമ്മാനങ്ങൾ വിതരണം ചെയ്തു. മാനേജിംഗ് കൗൺസിൽ അംഗങ്ങൾ മൂന്നു ടീമുകളായി സംസ്ഥാനതല മത്സരങ്ങൾക്ക് നേതൃത്വം നല്കി. വളരെ പ്രശംസനീയമായ അവരുടെ സഹകരണം മൂലം മത്സരങ്ങൾ വളരെ സുഗമമായി നടത്താൻ സാധിച്ചു. കോഴിക്കോട്, കൊല്ലം ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ സഹകരണം നന്ദിയോടെ അനുസ്മരിക്കുന്നു.

രണ്ടാഘട്ട പരീക്ഷ ഈ വർഷം നവംബർ 23 മുതൽ ടി.വി ക്വിസ് ആയി നടത്തപ്പെട്ടു. പി.ഒ.സിയിൽ വച്ചു നടന്ന ആറു ഗ്രൂപ്പുകളുടെ മത്സരങ്ങൾക്ക് ആറ് വ്യത്യസ്ത ക്വിസ് മാസ്റ്റർമാർ നേതൃത്വം നല്കി. ഫാമിലി ക്വിസിൽ പാലാ രൂപതയിൽ നിന്നുള്ള ടീമും പ്രതിഭാക്വിസിൽ ഇരിങ്ങാലക്കുട രൂപതയിലെ ബെനറ്റ പീറ്ററും ഒന്നാം സ്ഥാനം കരസ്ഥമാക്കി. മുൻയോഗങ്ങളിൽ ചർച്ച ചെയ്തതനുസരിച്ച് മുമ്പ് ലോഗോസ് പ്രതിഭകളായവരെ ലോഗോസ് ഫൈനൽ - മത്സരങ്ങളിൽ ജൂറി അംഗങ്ങളായി പങ്കെടുപ്പിച്ചു. അവരുടെ വലിയ സേവനം നന്ദിയോടെ ഓർക്കുന്നു.

നവംബർ 26-ാം തീയതി ഉച്ചകഴിഞ്ഞ് അഭിവന്ദ്യ എബ്രാഹം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ ലോഗോസ് പ്രതിഭകൾക്ക് സമ്മാനങ്ങൾ നല്കി ആദരിച്ചു. ഈ വർഷം വചനസർഗ പുരസ്കാരം ലഭിച്ച ഫാ. ജസ്റ്റിൻ കൈപ്രംപാടന് 25000/- രൂപയും ട്രോഫിയും സമ്മാനിച്ചു. ഈ മീറ്റിംഗിൽ ഫാ. ഹെന്റി പട്ടരുപറത്തിൽ എസ്. ജെ രചിച്ച മലയിലെ പ്രസംഗം എന്ന പുസ്തകവും 2018ലെ വചന കലണ്ടറും പ്രസാധനം ചെയ്തു. നവംബർ മാസത്തിൽ ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയിൽ രചിച്ച 'ജൂഡെയിസവും' സൊസൈറ്റി പ്രസിദ്ധീകരിച്ചു.

ഡിസംബർ മാസം ബൈബിൾ പാരായണത്തിന് ഒരുക്കമായി പോസ്റ്ററുകൾ രൂപതകളിൽ എത്തിക്കുകയും ചെയർമാൻ പിതാവിന്റെ സർക്കുലർ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ വർഷം കേരളത്തിൽ നാലു രൂപതകളിൽ ബൈബിൾ കമ്മീഷന്റെ സഹകരണത്തോടെ ബൈബിൾ പാരായണം സംഘടിപ്പിച്ചു. വിജയപുരം രൂപതയുടെ നേതൃത്വത്തിൽ കോട്ടയത്തും താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പുല്ലൂരാംപാറയിലും കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ കത്തീഡ്രലിലും കൊച്ചി രൂപതയുടെ നേതൃത്വത്തിൽ ആൽഫാ പാസ്റ്ററൽ സെന്ററിലും ബൈബിൾ പാരായണം സംഘടിപ്പിക്കപ്പെട്ടു. അതതു രൂപതകളിലെ രൂപതാധ്യക്ഷൻമാരും ബൈബിൾ കമ്മീഷൻ സെക്രട്ടറിയും ഈ സംരംഭത്തിൽ സന്നിഹിതരായിരുന്നു. കോതംഗലം കത്തീഡ്രലിൽ വച്ചു നടന്ന ബൈബിൾ പാരായണം ഉദ്ഘാടനം ചെയ്തത് അഭിവന്ദ്യ യൂലിയോസ് പിതാവായിരുന്നു. വചനപാരായണയജ്ഞം

ജനങ്ങളിൽ കൂടുതലായി എത്തിക്കാൻ ഈ സംരംഭം സഹായിച്ചു. സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ അംഗങ്ങൾ ഈ സംരംഭത്തിൽ സഹകരിച്ചു. ഈ വേദികളിൽ ബൈബിൾ സൊസൈറ്റിയെക്കുറിച്ച് പറയുവാനും അവസരം ലഭിക്കുകയും, അതുവഴി ഈ രൂപതകളിൽ ബൈബിൾ പ്രവർത്തനങ്ങൾക്ക് ഉണർവേകാൻ സാധിക്കുകയും ചെയ്തു.

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ലൂമെൻ എന്ന പേരിൽ ഹ്രസ്വചിത്രമത്സരം സംഘടിപ്പിക്കപ്പെട്ടു. ഇടവക, സ്ഥാപനതലങ്ങളിലായാണ് മത്സരം നടത്തിയത്. കേരളത്തിലെ വിവിധ ഇടവകകൾ, കോളേജുകൾ, സെമിനാരികൾ എന്നിവിടങ്ങളിൽ നിന്നായി 35 ചിത്രങ്ങൾ മത്സരത്തിനെത്തി. സിനിമാ രംഗത്തുള്ളവർ വിലയിരുത്തിയ മത്സരത്തിന്റെ സമ്മാനങ്ങൾ ജനുവരി 13–ാം തീയതി വിതരണം ചെയ്തു. പുനലൂർ രൂപതിയിൽനിന്നു വന്ന 'ഒന്നാം പാഠം'ത്തിന് ഇടവകതലത്തിലും ചാലക്കുടി സേക്രഡ് ഹാർട്ട് കേളേജിൽനിന്നു സമർപ്പിച്ച 'സാക്ഷ'യ്ക്ക് സ്ഥാപനതലത്തിലും ഒന്നാം സ്ഥാനം ലഭിച്ചു. അവാർഡ് വിതരണ ചടങ്ങിൽ ചെയർമാൻ അഭിവന്ദ്യ എബ്രാഹം മാർ യൂലിയോസ് പിതാവും സിനിമാതാരം സിജോയ് വർഗീസും പങ്കെടുത്തു. ഈ ചടങ്ങിൽ ഈ വർഷം സംഘടിപ്പിക്കപ്പെട്ട സാഹിത്യമത്സരത്തിലെ ജേതാക്കൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന് പുതിയ യൂണിറ്റിലെ രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. സ്റ്റഡി ബൈബിളിന്റെ പുതിയ പുസ്തകങ്ങളായ വി. മർക്കോസിന്റെ സുവിശേഷം, വി. യോഹന്നാന്റെ സുവിശേഷം എന്നിവ പ്രസിദ്ധീകരിക്കുവാൻ തയ്യാറായിക്കൊണ്ടിരിക്കുന്നു. പഴയനിയമ പരിഷ്ക്കരണത്തിലെ പഞ്ചഗ്രന്ഥി പൂർത്തിയായി ആലുവയിൽനിന്നുള്ള തോമസ് ഫിലിപ്പ് ബൈബിൾ അബാസിഡർ പ്രോജക്റ്റിൽ ചേർന്നു. ഫെബ്രുവരി മാസം മുതൽ ഗുഡ്നസ് ടിവിയിൽ തിങ്കാളാഴ്ച ദിവസങ്ങളിൽ 2017 ലോഗോസ് മത്സരങ്ങൾ സംപ്രേഷണം ചെയ്തുവരുന്നു. 4–5 മാസങ്ങൾ നീണ്ടുനില്ക്കുന്ന ഈ ടിവി പ്രോഗ്രാം വഴി ലോഗോസ് ക്വിസിനും ബൈബിൾ സൊസൈറ്റിക്കും കൂടുതൽ പ്രചാരം കിട്ടുന്നു.

**നന്ദി**

തിരുവചനശുശ്രൂഷ ചെയ്യുവാൻ സൊസൈറ്റിയെ നിരന്തരം അനുഗ്രഹിക്കുന്ന സർവേശ്വരന് സൊസൈറ്റി അംഗങ്ങളുടെ കൃതജ്ഞതാഹൃദയമലരുകൾ! തന്റെ തിരക്കേറിയ ജീവിതത്തിനിടയിലും സൊസൈറ്റി സംബന്ധമായ കാര്യങ്ങൾക്ക് എപ്പോഴും മുൻഗണന നല്കുന്ന ചെയർമാൻ അഭിവന്ദ്യ മാർ അബ്രാഹം മാർ യൂലിയോസ് പിതാവിനും സ്നേഹപൂർവം നന്ദി പറയുന്നു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ വേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്ത മാനേജിംഗ് കൗൺസിൽ–എക്സിക്യൂട്ടിവ് കമ്മിറ്റി ഭാരവാഹികളെ പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം, ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ, ട്രഷറർ സി. ആഗനസ്സ് സി.റ്റി.സി. ഓഡിറ്റർ ശ്രീ. പി.സി. വർഗീസ്, പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, ബൈബിൾ സൊസൈറ്റി ഓഫീസിലെ സ്റ്റാഫംഗങ്ങൾ എന്നിവർക്ക് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

ബൈബിൾ സൊസൈറ്റിയുടെ എല്ലാ ഭാവി പ്രവർത്തനങ്ങളെയും ദൈവപരിപാലനയ്ക്ക് സമർപ്പിച്ചുകൊണ്ടും സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

റവ. ഡോ. ജോൺസൺ പുതുശ്ശേരി CST
(സെക്രട്ടറി, കെ.സി.ബി.എസ്.)

# ബെനറ്റ പീറ്റർ ലോഗോസ് പ്രതിഭ




2017ലെ ലോഗോസ് പ്രതിഭാപട്ടം ചൂടിയത് ഇരിങ്ങാലക്കുട രൂപതയിലെ ബെനറ്റ പീറ്ററാണ്. ബി ടെക് പഠനം പൂർത്തിയാക്കിയ ബെനറ്റ മാള സ്വദേശിനിയാണ്. ലോഗോസ് വിജയചരിത്രം ഇപ്രകാരം കുറിക്കുന്നു :ലോഗോസ് രൂപതാതല പരീക്ഷയ്ക്കായുള്ള പഠനം ആരംഭിച്ചത് 2017 ആഗസ്റ്റ് മുതലാണ്. ഓരോ ദിവസം ഓരോ അധ്യായം എന്ന രീതിയിൽ പഠനഭാഗത്തെ 41 അധ്യായങ്ങൾ നന്നായി പഠിച്ചു. സംസ്ഥാനതല പരീക്ഷയ്ക്കു മുമ്പായി രൂപതയിൽ ഒരുക്കിയ പഠനക്ലാസിൽ പങ്കെടുത്തു. ഡയറക്ടർ ജോജു കോക്കാട്ട് അച്ചന്റെയും നല്ലൊരു ക്വിസ് മാസ്റ്റർ കൂടിയായ എന്റെ ഇടവക പള്ളി പ്രോ. വികാരി ബിനോയ് കോഴിപ്പാട്ടച്ചന്റെയും, മുൻ ലോഗോസ് പ്രതിഭയായ ടോണി ചേട്ടന്റെയും മറ്റു മത്സരാർഥികളുടെയും നിർദേശങ്ങൾ ഞാൻ സ്വീകരിച്ചു. കറസ്പോണ്ടൻസ് കോഴ്സിലെ പുസ്തകങ്ങൾ വായിച്ച് പ്രധാനഭാഗങ്ങൾ പറഞ്ഞ് തന്നത് അമ്മയായിരുന്നു. ഫൈനൽ മത്സരങ്ങളിലെ സ്പീഡ് റൗണ്ട്, തിരുത്തൽ റൗണ്ട് എന്നിവയ്ക്കൊരുങ്ങാൻ അനുജനും സഹായിച്ചു. കൂടാതെ ദയാനഗർ കൂട്ടായ്മയുടെ പ്രാർഥനയും പിന്തുണയും വിജയവഴിയിലെ കരുത്തായിരുന്നു.

ബൈബിൾ പഠനം മത്സരവിജയത്തിനുവേണ്ടി മാത്രമായിരിക്കരുത്. ബൈബിൾ വായിക്കുകയും പഠിക്കുകയും ചെയ്തതിലൂടെ ബൈബിളിന്റെ ആഴങ്ങളിലേയ്ക്ക് കടന്നു ചെല്ലാനും ആ വചനങ്ങൾ ജീവിതത്തെ മുന്നോട്ട് നയിക്കാനും കൂടാതെ ജീവിതത്തിൽ പ്രാവർത്തികമാക്കാനും ശ്രമിക്കണം. ഇതിനെല്ലാം ഉപരിയായി ദൈവകൃപയുടെയും കരുതലിന്റെയും മഹത്വം ഈ ലോഗോസ് യാത്രയിൽ എപ്പോഴും കൂടെ ഉണ്ടായിരുന്നു. ''ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ, അവിടന്നു തക്ക സമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടത്തെ ഏല്പ്പിക്കുവിൻ അവിടന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്'' (1 പത്രോ 5,6) എന്ന വചനഭാഗമാണ് എനിക്ക് എപ്പോഴും കരുത്തുപകർന്നത്.

ബൈബിൾ വായനതന്നെ ഒരു വിദ്യാഭ്യാസമാണ് എന്ന ലോർഡ് ടെന്നിസന്റെ വാക്കുകളെ ഓർമിപ്പിച്ചുകൊണ്ട് ബൈബിൾ വായിക്കാനും വായിച്ച വചനഭാഗങ്ങൾ നമ്മളെ വിശ്വാസത്തിൽ ശക്തിപ്പെടുത്താനും ഉജ്ജ്വലിപ്പിക്കാനും ഇടയാകട്ടെ.

---



# മികച്ച ബൈബിൾ പ്രൊമോട്ടർ

2017–2018 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുകയും ഏറ്റവും കൂടുതൽ തുക സമാഹരിക്കുകയും ചെയ്ത് മികച്ച പ്രൊമോട്ടറായ കാഞ്ഞിരപ്പിള്ളി രൂപതാംഗമായ ശ്രീമതി അന്നമ്മ ജോസഫിന് (ലൂസി) ബൈബിൾ സൊസൈറ്റിയുടെ അഭിനന്ദനങ്ങൾ!

# ബൈബിൾ പാരായണമാസം



ഈ വർഷം കേരളത്തിൽ നാലു രൂപതകളിൽ ബൈബിൾ കമ്മീഷന്റെ സഹകരണത്തോടെ ബൈബിൾ പാരായണം സംഘടിപ്പിച്ചു. വിജയപുരം രൂപതയുടെ നേതൃത്വത്തിൽ കോട്ടയത്തും താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പുല്ലൂരാംപാറയിലും കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ കത്തീഡ്രലിലും കൊച്ചി രൂപതയുടെ നേതൃത്വത്തിൽ ആൽഫാ പാസ്റ്റൽ സെന്ററിലും ബൈബിൾ പാരായണം സംഘടിപ്പിക്കപ്പെട്ടു. അതതു രൂപതകളിലെ രൂപതാധ്യക്ഷന്മാരും ബൈബിൾ കമ്മീഷൻ സെക്രട്ടറിയും ഈ സംരംഭത്തിൽ സന്നിഹിതരായിരുന്നു. കോതമംഗലം കത്തീഡ്രലിൽവച്ചു നടന്ന ബൈബിൾ പാരായണം അഭിവന്ദ്യ എബ്രാഹം മാർ യൂലിയോസ് പിതാവായിരുന്നു ഉദ്ഘാടനം ചെയ്തത്. വചനപാരായണയജ്ഞം ജനങ്ങളിൽ കൂടുതലായി എത്തിക്കാൻ ഈ സംരംഭം സഹായിച്ചു. ഇതിനു പൂർണസഹകരണം നല്കിയ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർക്കും അവരുടെ ടീമംഗങ്ങൾക്കും അഭിനന്ദനങ്ങൾ!



---

## ഫമിലിയാ ക്വിസ് 2017



കേരള കാത്തലിക് ബൈബിൾ സൊസൈറ്റി 2017 നവംബർ 25ന് സംഘടിപ്പിച്ച സംസ്ഥാനതല ഫാമിലിയാ ക്വിസ് 2017 ൽ 24 കുടുംബങ്ങൾ പങ്കെടുത്തു. പാലാ രൂപതയിൽ നിന്നുള്ള ശ്രീ. കെ. ടി ജോസഫ് കല്ലറക്കലും കുടുംബവും ഒന്നാം സ്ഥാനത്തിനും കോട്ടയം അതിരൂപതയിലെ ശ്രീ. ലാൽസൻ മാത്യു പുത്തൻപുരയ്ക്കലും കുടുംബവും രണ്ടാം സ്ഥാനത്തിനും ആലപ്പുഴ രൂപതയിലെ ശ്രീ മോസസ്സ് വി. വച്ചാക്കലും കുടുംബവും മൂന്നാം സ്ഥാനത്തിനും അർഹരായി.

# ബൈബിൾ വിഭിന്നശേഷിക്കാർക്ക്



വിഭിന്നശേഷിയുള്ളവരുടെ പക്കൽ ദൈവവചനം എത്തിക്കുവാൻ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എന്നും പ്രതിജ്ഞാബദ്ധരാണ്. ശ്രീ. ആന്റണി സച്ചിൻ, സി. അഭയ എഫ്.സി.സി. ശ്രീ. ഡിനു എന്നിവരുടെ നേതൃത്വത്തിൽ ബധിരർക്കായുള്ള സൈൻ ബൈബിളിന്റെ മൂന്നാമത്തെ ഡി.വി.ഡി. 2018 ഫെബ്രുവരി 2018ലെ മാനേജിംഗ് കൗൺസിൽ യോഗത്തിൽ ശ്രീമതി ജാൻസി ജേക്കബിന് ചെയർമാൻ പിതാവ് കൈമാറി പ്രകാശനം ചെയ്തു. മൂന്നു ഡി.വി.ഡി.കളിലെയും കഥകൾ www.keralabiblesociety.com–ൽ കൊടുത്തിരിക്കുന്ന ലിങ്കുവഴി കാണാൻ സാധിക്കും. ബ്രെയിലി ലിപിയിൽ തയ്യാറാക്കിയ വ. മത്തായിയുടെ സുവിശേഷവും പിതാവ് പ്രകാശനം ചെയ്തു.



---

# വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2018–ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/– രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ബൈബിൾ കലകളാണ് ഈ വർഷം അവാർഡിനായി പരിഗണിക്കുന്നത്. സംഗീതം, നൃത്തം (രണ്ടും മലയാളത്തിൽ), പെയിന്റിംഗ്, ശില്പകല എന്നീ മേഖലകളിലുള്ള സംഭാവനകളാണ് അവാർഡിനായി പരിഗണിക്കപ്പെടുന്നതാണ്. വ്യക്തിയോ സംരംഭമോ പ്രസ്ഥാനമോ 2013 മുതൽ നല്കിയിട്ടുള്ള സംഭാവനകളെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടെ സമർപ്പിക്കേണ്ടതാണ്. വിശുദ്ധഗ്രന്ഥത്തോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരുക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണ്.

ഓഗസ്റ്റ് 31–നു മുമ്പ് *സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി – 682 025* എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ നമ്പർ: 0484 – 2805897

# പത്തൊമ്പതാം അഖിലകേരള ലോഗോസ് ക്വിസ് – 2018

**പാഠഭാഗങ്ങൾ**
നിയമാവർത്തനം 1-11;
പ്രഭാഷകൻ 1-10;
മത്തായിയുടെ സുവിശേഷം 10-18;
വെളിപാട് 10-16

**രജിസ്ട്രേഷൻ** അവസാനിക്കുന്നത്: 2018 ജൂലൈ 31-ന്

**പരീക്ഷാ സമയം** രൂപതാതലം: 2018 സെപ്തംബർ 30-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ

**സംസ്ഥാനതലം:** 2018 നവംബർ 11നും 22-25 വരെയും

- സംസ്ഥാനതലത്തിലെ 5 വരെയുള്ള സ്ഥാനക്കാർക്ക് ഉയർന്ന ക്യാഷ് പ്രൈസുകൾ
- വിദേശ മലയാളികൾക്കായി ഓൺ ലൈൻ ലോഗോസ് ക്വിസ്
- ലോഗോസ് ക്വിസ് ചോദ്യങ്ങൾ ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ഭാഷയിലും
- ഓൺ ലൈൻ രജിസ്ട്രേഷൻ
- ടെലി സംപ്രേഷണം
- ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനം.
- ലോഗോസ് ഫമിലിയ ക്വിസ്
- ലോഗോസ് വിഭിന്നശേഷിക്കാർക്കും

**ഗ്രൂപ്പുകൾ**

**A വിഭാഗം – 1.1.2007 നു ശേഷം ജനിച്ചവർ**
**B വിഭാഗം – 1.1.2002 നും 31.12.2006 നും ഇടയ്ക്ക് ജനിച്ചവർ**
**C വിഭാഗം – 1.1.1987 നും 31.12.2001 നും ഇടയ്ക്ക് ജനിച്ചവർ**
**D വിഭാഗം – 1.1.1967 നും 31.12.1986 നും ഇടയ്ക്ക് ജനിച്ചവർ**
**E വിഭാഗം – 1.1.1954 നും 31.12.1966 നും ഇടയ്ക്ക് ജനിച്ചവർ**
**F വിഭാഗം – 31.12.1953 നു മുമ്പ് ജനിച്ചവർ**

**സമ്മാനങ്ങൾ**

അഖില കേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ ...

**ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനവും പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡ് 25,000 രൂപയും. ലോഗോസ് പ്രതിഭയുടെ രൂപതയ്ക്ക് പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി. ലോഗോസ് ഫമിലിയ പ്രതി ഭയ്ക്ക് 25000 രൂപയുടെ ക്യാഷ് അവാർഡ്.**

**ഓൺ-ലൈൻ രജിസ്ട്രേഷന്: www.logosquiz.org**

**visit: www.keralabiblesociety.com**

## ബൈബിൾ വിതരണം

2017–2018 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കും രൂപതകൾക്കുമായി സബ്സിഡി നിരക്കിൽ 14390 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 618035 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കായി 90 ബൈബിളുകൾ സൗജന്യമായി നല്കുകയുണ്ടായി.

## അംഗത്വനില

ലഭ്യമായ കണക്കുകളനുസരിച്ച് 2018 മാർച്ച് 31–ാം തീയതി വരെ സൊസൈറ്റിയിൽ ആകെ 14416 അംഗങ്ങളുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 186 പേർ സൊസൈറ്റിയിൽ പുതുമുഖങ്ങളായി എത്തിയിട്ടുണ്ട്. നടപ്പുവർഷം ഏറ്റവും കൂടുതൽ തുക സമാഹരിച്ച് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ അവാർഡിന് ശ്രീമതി അന്നമ്മ ജോസഫ് (ലൂസി) അർഹയായി.

## സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.90 മുതൽ 31.3.17 വരെ | 1.4.17 മുതൽ 31.3.18 വരെ | ആകെ * |
|---|---|---|---|---|
| ഓർഡിനറി | 500 | 7197 | 0 | 7200 |
| സ്പെഷ്യൽ | 1000 | 3782 | 152 | 3934 |
| ലൈഫ് | 2000 | 2555 | 22 | 2577 |
| സ്പെഷ്യൽ ലൈഫ് | 10000 | 166 | 2 | 168 |
| സ്പോൺസർ ലൈഫ് | 20000 | 72 | 2 | 74 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 196 | 0 | 196 |
| പാരിഷ് ഓർഡിനറി | 5000 | 216 | 2 | 218 |
| പാരിഷ് ലൈഫ് | 20000 | 46 | 3 | 49 |
| **ആകെ** | | **14230** | **186** | **14416** |

* അപ്ഗ്രേഡു ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ

## ബൈബിൾ വായനാ കലണ്ടർ

2017 നവംബർ 26–ന് ഫാമിലി ക്വിസ് സമ്മാനദാന ചടങ്ങിൽ വച്ച് അഭിവന്ദ്യ അബ്രാഹം മാർ യൂലിയോസ് പിതാവ് പ്രകാശനം ചെയ്തു. മൂന്നു റീത്തുകളുടെയും ആരാധനക്രമവായനകൾ ഒരു കലണ്ടറിൽ ക്രമപ്പെടുത്തി. ഇടവകകളിലും കുടുംബങ്ങളിലും വ്യക്തി ജീവിതത്തിലും ആരാധന ക്രമാധിഷ്ഠിതമായ ബൈബിൾ വായനയ്ക്ക് സഹായകമാണിത്. മൾട്ടികളർ ചിത്രങ്ങളോടുകൂടി ആറ് പേജുകളിലായി ആർട്ട് പേപ്പറിൽ 22000 കലണ്ടറുകൾ അച്ചടിപ്പിച്ചു.



# ലോഗോസ് ക്വിസ് 2017 – ലെ സംസ്ഥാനതല ജേതാക്കൾ

## A വിഭാഗം

ഒന്നാം സമ്മാനം



**റോസ് മേരി**
കോട്ടപ്പുറം രൂപത

രണ്ടാം സമ്മാനം



**മെറ്റിൽഡ ജോൺസൺ**
ഇരിങ്ങാലക്കുട രൂപത

മൂന്നാം സമ്മാനം



**ആഷിത ബെന്നി**
കോതമംഗലം രൂപത

## B വിഭാഗം

ഒന്നാം സമ്മാനം




**അൽഫോൻസ് റോസ് ജെറി**
തലശ്ശേരി അതിരൂപത

രണ്ടാം സമ്മാനം



**ജീന റീത്ത ജോസഫ്**
എറണാകുളം അങ്കമാലി അതിരൂപത

മൂന്നാം സമ്മാനം



**ഡോൺ സാബു**
പാലാ രൂപത

## C വിഭാഗം

ഒന്നാം സമ്മാനം



**(ലോഗോസ് പ്രതിഭ) ബെനിറ്റ പീറ്റർ**
ഇരിങ്ങാലക്കുട രൂപത

രണ്ടാം സമ്മാനം



**സി. ജെസ്ന തേരേസ്** FCC
കോതമംഗലം രൂപത

മൂന്നാം സമ്മാനം



**അതുല്യ സെബാസ്റ്റ്യൻ**
താമരശ്ശേരി രൂപത

## D വിഭാഗം

ഒന്നാം സമ്മാനം



**റോസ് മേരി ജിജി**
കോതമംഗലം രൂപത

രണ്ടാം സമ്മാനം



**ഷെർമി കാർമു**
കോട്ടപ്പുറം രൂപത

മൂന്നാം സമ്മാനം



**സോഫി ജോസഫ്**
എറണാകുളം അങ്കമാലി അതിരൂപത

## E വിഭാഗം

ഒന്നാം സമ്മാനം



**ലിസി ജെയിംസ്**
എറണാകുളം അങ്കമാലി അതിരൂപത

രണ്ടാം സമ്മാനം



**ലൈല ജോൺ**
പാലക്കാട് രൂപത

മൂന്നാം സമ്മാനം



**ത്രേസ്യാമ്മ ജോസഫ്**
കാഞ്ഞിരപ്പിള്ളി രൂപത

## F വിഭാഗം

ഒന്നാം സമ്മാനം



**മേരി പോൾ**
പാല രൂപത

രണ്ടാം സമ്മാനം



**ഏലിക്കുട്ടി തോമസ്**
കോതമംഗലം രൂപത

മൂന്നാം സമ്മാനം



**മേഴ്സി ജോർജ്**
ഇരിങ്ങാലക്കുട രൂപത

# മാർ പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം റവ. ഫാ. ജസ്റ്റിൻ കൈപ്രാൻപാടന്



കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം 2017, നവംബർ 26-ാം തീയതി ഉച്ച കഴിഞ്ഞു നടന്ന ലോഗോസ് പ്രതിഭ സമ്മാന ദാനചടങ്ങിൽ വച്ച് അഭിവന്ദ്യ എബ്രാഹം മാർ യൂലിയോസ് പിതാവ് റവ. ഫാ. ജസ്റ്റിൻ കൈപ്രമ്പാടന് സമ്മാനിച്ചു. ഇദ്ദേഹത്തിന്റെ ''കുഞ്ഞുമാലാഖയുടെ ബൈബിൾ കഥകൾ'' എന്ന കുട്ടികൾക്കായുള്ള ബൈബിൾ ഗ്രന്ഥത്തിനാണ് പുരസ്കാരം. 25,000/- രൂപയും ഷീൽഡും പി.ഒ.സിയിൽ വച്ച് അവാർഡു ജേതാവ് ഏറ്റുവാങ്ങി. എറണാകുളം അങ്കമാലി അതിരൂപതയുടെ ഗുരുകുലം സെമിനാരി റെക്ടറാണ് ജസ്റ്റിൻ അച്ചൻ.

# ലൂമെൻ ഷോർട്ട് ഫിലിം ഫെസ്റ്റ്



ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ആദ്യമായി 'ലൂമെൻ' എന്ന പേരിൽ ഹ്രസ്വചിത്രമത്സരം സംഘടിപ്പിക്കപ്പെട്ടു. കേരളത്തിലെ വിവിധ ഇടവകകൾ, കോളേജുകൾ, സെമിനാരികൾ എന്നിവിടങ്ങളിൽനിന്നായി 35 ചിത്രങ്ങൾ മത്സരത്തിനെത്തി. പാരിഷ് കാറ്റഗറിയിൽ പുനലൂർ രൂപതയിലെ ബിനു ഫ്രാൻസീസ് സംവിധാനം ചെയ്ത 'ഒന്നാം പാഠം' ഏറ്റവും നല്ല ഹ്രസ്വചിത്രത്തിനുള്ള അവാർഡ് നേടി. ഷീൽഡും 25000/- രൂപയുമാണ് സമ്മാനം. കോളേജുകൾ, സെമിനാരികൾ എന്നിവിടങ്ങളിൽനിന്നുള്ള ഗ്രൂപ്പിൽ ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിൽ ചാലക്കുടി സേക്രട്ട് ഹാർട്ട് കോളേജിലെ ഡോ. റോസി തമ്പി സംവിധാനം ചെയ്ത 'സാക്ഷ' ഒന്നാം സമ്മാനം നേടി. തിരുവനന്തപുരം ലൂർദ് ഫൊറോനയും തൃശൂർ മേരീ മാതാ സെമിനാരിയും രണ്ടാം സ്ഥാനങ്ങൾ കരസ്ഥമാക്കി. സിനിമാരംഗത്തുള്ളവർ വിലയിരുത്തിയ മത്സരത്തിന്റെ സമ്മാനങ്ങൾ ജനുവരി 13-ാം തീയതി വിതരണം ചെയ്തു. അവാർഡുവിതരണചടങ്ങിൽ ചെയർമാൻ അഭിവന്ദ്യ എബ്രാഹം മാർ യൂലിയോസ് പിതാവും സിനിമാതാരം സിജോയ് വർഗീസും പങ്കെടുത്തു. പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ടും ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി, റവ. ഡോ. ജോഷി മയ്യാറ്റിൽ, റവ. ഫാ. ഡായ് കുന്നത്ത്, ശ്രീ. തോമസ് സാർ എന്നിവർ സംസാരിച്ചു.

# ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഷോർട്ട് ഫിലിം മത്സരം

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ലൂമെൻ ഷോർട്ട് ഫിലിം ഫെസ്റ്റിലേക്ക് സുവിശേഷഭാഗ്യങ്ങളിലെ (മത്താ 5,3–12) ഏതെങ്കിലും ആശയം സമകാലികമായി അവതരിപ്പിക്കുന്ന ഹ്രസ്വചിത്രങ്ങൾ ക്ഷണിക്കുന്നു. മലയാളത്തിലോ ഇംഗ്ലീഷിലോ ഉള്ള ചിത്രീകരണത്തിന് ടൈറ്റിൽസും എൻഡ്ക്രെഡിറ്റും ഉൾപ്പെടെ 5–8 മിനിറ്റ് ദൈർഘ്യമുണ്ടായിരിക്കണം. ഇടവകകൾ, സ്ഥാപനങ്ങൾ എന്നീ രണ്ടു വിഭാഗങ്ങൾ ഉണ്ടായിരിക്കും. പങ്കെടുക്കുന്ന വിവരം സെപ്റ്റംബർ 1–നു മുമ്പ് അറിയിക്കുകയും ഫിലിമിന്റെ കോപ്പികൾ *2018 ഒക്ടോബർ 10* നോ അതിനുമുമ്പോ സമർപ്പിക്കുകയും വേണം. *മികച്ച ഷോർട്ട്ഫിലിം, സംവിധായകൻ, നടൻ, നടി* എന്നിങ്ങനെ അവാർഡുകളും ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന ഷോർട്ട്ഫിലിമുകൾക്ക് യഥാക്രമം 25000, 15000, 10000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നല്കുന്നതാണ്. അപേക്ഷാഫോം www.keralabiblesociety.com ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: സെക്രട്ടറി, കെസിബിസി ബൈബിൾ കമ്മീഷൻ, പിഒസി, പാലാരിവട്ടം; ഫോൺ: 04842805897.

---

# ബൈബിൾ പഠന ക്ലാസുകൾ




രൂപതകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്കായി ഒക്ടോബർ 19–21 തീയതികളിലായി ബൈബിൾ കമ്മീഷൻ ‘‘ബൈബിളും വ്യാഖ്യാനവും’’ എന്ന കോഴ്സ് സംഘടിപ്പിച്ചു. ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ അഭിവന്ദ്യ ജേക്കബ് മനത്തോടത്തു പിതാവ് ഉദ്ഘാടനം ചെയ്ത ഈ കോഴ്സിൽ 72 പേർ പങ്കെടുത്തു. ബൈബിൾ കോഴ്സിൽ സൊസൈറ്റി അംഗങ്ങളെ സബ്സിഡി നല്കി ഇതിൽ പങ്കെടുപ്പിച്ചു.

2018 മെയ് 28–29 തീയതികളിലായി ബൈബിൾ കമ്മീഷൻ സന്യസ്തർക്കും അത്മായർക്കുമായി സംഘടിപ്പിച്ച ബൈബിൾ കോഴ്സിൽ നിരവധി പേർ പങ്കെടുത്തു. യോഹന്നാന്റെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള പഠനശിബിരം നയിച്ചത് ഡോ. ജോൺസൺ പുതുശ്ശേരി ആയിരുന്നു.



# ബൈബിൾ സായാഹ്ന ക്ലാസ്



*ബൈബിൾ കോഴ്സ് അഭിവന്ദ്യ അബ്രാഹം മാർയൂലിയോസ് ഉദ്ഘാടനം ചെയ്യുന്നു.*

ബൈബിൾ സായാഹ്ന ക്ലാസുകളുടെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും മാർച്ച് 14-ാം തീയതി വൈകീട്ട് പി.ഒ.സി. ലിറ്റിൽഫ്ളവർ ഓഡിറ്റോറിയത്തിൽ നടന്നു. 2017-2018ൽ നാല്പതു ബുധനാഴ്ചകൾ നീണ്ടുനിന്ന കോഴ്സിൽ നൂറ്റിപതിനഞ്ചുപേർ രജിസ്റ്റർ ചെയ്തു.

വിദ്യഭ്യാസകമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോസ് കരിവേലിയ്ക്കൽ സായാഹ്ന ക്ലാസുകളിൽ പങ്കെടുത്തവരെ അഭിനന്ദിച്ചു സംസാരിച്ചു. ക്ലാസുകളൊന്നും മുടങ്ങാതെ കോഴ്സിൽ സംബന്ധിച്ച 10 പേർക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്തു. വചനം ആഴത്തിൽ പഠിക്കാനും ബൈബിൾ എഴുതപ്പെട്ട ഗ്രീക്കുഭാഷ പരിചയപ്പെടാനും ഈ കോഴ്സിലൂടെ സാധിച്ചു എന്ന് കോഴ്സിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.



# ബൈബിൾ കോണ്ടാക്ട് ക്ലാസ്

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പഠിക്കുന്നവർക്കും ചേരാൻ താത്പര്യമുള്ളവർക്കും വേണ്ടി 2018 മെയ് 26-ാം തീയതി പി.ഒ.സി.യിൽ വച്ച് ഒരു ഏകദിന കോണ്ടാക്ട് ക്ലാസ്സ് സംഘടിപ്പിക്കപ്പെട്ടു. നിരവധിപേർ പങ്കെടുത്ത ക്ലാസ്സിൽ പഴയനിയമത്തിലെ സാമുവലിന്റെ ഗ്രന്ഥങ്ങൾ അധികരിച്ച് റവ. ഡോ. സിറിയക് വലിയകുന്നുംപുറത്ത് ക്ലാസ്സു നയിച്ചു. ഉച്ചകഴിഞ്ഞ് 3.00ന് ചേർന്ന സമ്മേളനത്തിൽവച്ച് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ യൂണിറ്റുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ഈ വർഷം കറസ്പോണ്ടൻസ് കോഴ്സിൽ വിലാപങ്ങൾ, ബാറൂക്ക്, നാഹും, സെഫാനിയാ, ഹഗ്ഗായി പുസ്തകങ്ങളെക്കുറിച്ചുള്ള രണ്ടു പഠനഗ്രന്ഥങ്ങൾ പുതുതായി ഉൾക്കൊള്ളിച്ചു.

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ – 2018

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ്: 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല. **രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മൊബൈൽ നമ്പറും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു:

**ഗ്രൂപ്പ്നമ്പർ 1:** അല്മായർ
**വിഷയം: യുവജനവർഷവും വചനപ്രേഷിതത്വവും**

**ഗ്രൂപ്പ്നമ്പർ 2:** സെമിനാരി വിദ്യാർഥികൾ
**വിഷയം: മാറുന്ന ഭാരതവും സഭയുടെ പ്രേഷിതദൗത്യവും**

**ഗ്രൂപ്പ്നമ്പർ 3:** സന്ന്യാസിനികൾ
**വിഷയം: സമർപ്പിതജീവിതവും വചനാധിഷ്ഠിത ആത്മീയതയും**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / DD) വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2018 ഒക്ടോബർ 10 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നല്കുന്നതാണ്.

| **മത്സര ഇനം** | **രജി. ഫീസ്** | First | Second | Third |
|---|---|---|---|---|
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം – 1 | 50 | 1500 | 1000 | 750 |
| 5. ലേഖനം – 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം – 3 | 50 | 1500 | 1000 | 750 |

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി–682025.

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സരങ്ങൾ 2017 ലെ വിജയികൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2017–ൽ അഖില കേരളതലത്തിൽ സംഘടിപ്പിച്ച സാഹിത്യ രചനാമത്സരത്തിൽ സമ്മാനാർഹരായവരുടെ പേരു വിവരം 1, 2, 3, സ്ഥാനക്രമമനുസരിച്ച് താഴെ ചേർക്കുന്നു. സാഹിത്യ രചനാമത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ 2018 ജനുവരി 13–ാം തീയതി പി.ഒ.സി.യിൽ വച്ച് ലൂമെൻ ഹ്രസ്വചിത്രമത്സര അവാർഡു വിതരണചടങ്ങിൽ ചെയർമാൻ അഭിവന്ദ്യ എബ്രാഹം മാർ യൂലിയോസ് പിതാവ് വിതരണം ചെയ്തു.

**കവിത**

1. എലിസബത്ത് സെബാസ്റ്റ്യൻ എടക്കളത്തൂർ, പാലിശ്ശേരി, തൃശൂർ
2. അമൽ ജോസ് ജി, മുഞ്ഞനാട്ട്, തുടങ്ങനാട്, തൊടുപുഴ
3. റെജീന മൈക്കിൾ, കുസുമവിലാസം, പെരുമ്പാവൂർ

**ചെറുകഥ**

1. ബെന്നി പൗലോസ്, തോട്ടുകണ്ടത്തിൽ, തട്ടാരമ്പലം പി.ഒ, മാവേലിക്കര
2. റ്റി. റ്റി. സെബാസ്റ്റ്യൻ, തുമ്പോണത്തുമലയിൽ, പെരിയപ്പുറം
3. ആർട്സൺ പൊതി, പൂവക്കോട്ടിൽ, പൊതി, തലയോലപ്പറമ്പ്

**ഏകാങ്കനാടകം**

1. സെബാസ്റ്റ്യൻ പി.കെ, ഉപ്നഗർ, നാസിക് റോഡ്, മഹാരാഷ്ട്ര
2. ബ്ര. അബ്രാഹം കൊച്ചുപറമ്പിൽ, വടവാതൂർ സെമിനാരി, കോട്ടയം
3. ബ്ര. ജസ്റ്റിൻ പീടികയിൽ, ലിറ്റിൽ ഫ്ളവർ സെമിനാരി, ആലുവ

**ലേഖനം (അല്മായർ)**

1. മേരിക്കുട്ടി ജോസഫ് പതാലിൽ, മണിമല
2. റോസി ജോൺ കല്ലൂക്കാരൻ, കിടങ്ങൂർ, അങ്കമാലി
3. സിനി ജോൺസൺ, പുളിക്കൻ ഹൗസ്, കോനിക്കര, തൃശൂർ

**ലേഖനം (സന്യാസിനികൾ)**

1. സി. ജാസ്മിൻ വിക്ടർ, സെന്റ് ആന്റണീസ് കോൺവെന്റ്, പുതുക്കുറിച്ചി, തിരുവനന്തപുരം
2. സി. ആനി ടോം തടത്തിൽ, വിമല ബാലിക ഭവൻ, വലിയ തോവാള, ഇടുക്കി.
3. സി. അമൽ ഗ്രേസ്, ചാവറ ഹോസ്പിറ്റൽ കോൺവെന്റ്, താമരശ്ശേരി

**ലേഖനം (സെമിനാരി വിദ്യാർഥികൾ)**

1. ബ്രദർ മാർട്ടിൻ മാളിയേക്കൽ കൂനൻ, ഗുഡ് ഷെപ്പേർഡ് സെമിനാരി, കുന്നോത്ത്
2. ബ്രദർ ജോയൽ ജോസ് പനച്ചിപ്പുറം, ലിറ്റിൽ ഫ്ളവർ സെമിനാരി, ആലുവ
3. ബ്രദർ ജിബിൻ നായത്തോടൻ, മംഗലപ്പുഴ സെമിനാരി, ആലുവ

# 2017 അഖില കേരള ലോഗോസ് ക്വിസ്

## 4 – ാം സ്ഥാനം നേടി മെഡലിനും

## 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ

### A Group

| | | | |
|---|---|---|---|
| 1 | അലീന ജെയ്മോൻ | – | ചങ്ങനാശ്ശേരി അതിരൂപത |
| 2 | ആർദ്ര ആൻ സജി | – | താമരശ്ശേരി രൂപത |
| 3 | നമിത വർഗീസ് | – | ഇരിങ്ങാലക്കുട രൂപത |
| 4 | സാനിയ ജോർജ് | – | പാലക്കാട് രൂപത |
| 5 | സുഹിത തേരേസ | – | ചങ്ങനാശ്ശേരി അതിരൂപത |
| 6 | ജോസഫ് കുതിയതൊട്ടിൽ | – | തലശ്ശേരി അതിരൂപത |
| 7 | ആർഷാ തോമസ് | – | പാലക്കാട് രൂപത |

### B Group

| | | | |
|---|---|---|---|
| 1 | ആൻ മരിയ ജോസ് | – | കാഞ്ഞിരപ്പിള്ളി രൂപത |
| 2 | അൽഫോൻസ പഴയിടത്ത് | – | പാലാ രൂപത |
| 3 | ഷാനി മരിയ ജെ. | – | കൊല്ലം രൂപത |
| 4 | ശ്രദ്ധ സുരേഷ് | – | തിരുവനന്തപുരം (മലങ്കര) അതിരൂപത |
| 5 | ജോവ്ന്ന മേരി ജോർജ് | – | കോതമംഗലം രൂപത |
| 6 | ഡോൺ സാവിയോ ജോർജ് | – | കോതമംഗലം രൂപത |
| 7 | മിലൻ വർഗീസ് ജോസഫ് | – | ചങ്ങനാശ്ശേരി അതിരൂപത |

### C Group

| | | | |
|---|---|---|---|
| 1 | സോനു ജോസഫ് | – | പാലാ രൂപത |
| 2 | സി. കൃപ മരിയ എസ് എച്ച് | – | ഇരിങ്ങാലക്കുട രൂപത |
| 3 | ഡോ. ടോനിയ ജോൺ | – | ചങ്ങാനശ്ശേരി അതിരൂപത |
| 4 | അനിറ്റ ജോജി | – | കോതമംഗലം രൂപത |
| 5 | സി. ആഞ്ജല തേരെസ് | – | പാലക്കാട് രൂപത |
| 6 | രൂപ തോമസ് | – | ഇരിങ്ങാലക്കുട രൂപത |
| 7 | നിമ്മി ഷിജോ | – | പാലാ രൂപത |

### D Group

| | | | |
|---|---|---|---|
| 1 | ഡോ. സിന്ദു പോൾ | – | മാൻഡ്യ രൂപത |
| 2 | ജെസി ജോസ് | – | എറണാകുളം അങ്കമാലി അതിരൂപത |
| 3 | ജോസഫ് മണിമല | – | താമരശ്ശേരി രൂപത |
| 4 | റോസിലി ബെന്നി | – | ഇടുക്കി രൂപത |
| 5 | ഗ്രേയ്സ് ജോർജ് | – | തിരുവനന്തപുരം (ലത്തീൻ) അതിരൂപത |
| 6 | തോമസ് പുതുമനമുഴി | – | മാനന്തവാടി രൂപത |
| 7 | ആനി ഒ. എൽ. | – | ആലപ്പുഴ രൂപത |

## E Group

| | | |
|---|---|---|
| 1. | ജാൻസി ഡേവീസ് | – ഇരിങ്ങാലക്കുട രൂപത |
| 2 | ജെസ്സി ജോസ് | – ചങ്ങനാശ്ശേരി അതിരൂപത |
| 3 | ബാബു പോൾ | – പാലാ രൂപത |
| 4 | എമിലി സൈമൺ | – വരാപ്പുഴ അതിരൂപത |
| 5 | ജോളി റോബർട്ട് | – ആലപ്പുഴ രൂപത |
| 6 | ഫിലോമിന പോൾ | – പാലാ രൂപത |
| 7. | ആനി അഗസ്റ്റിൻ | – വരാപ്പുഴ അതിരൂപത |

## F Group

| | | |
|---|---|---|
| 1. | മേരിക്കുട്ടി ജോസ് | – ഇരിങ്ങാലക്കുട രൂപത |
| 2. | ഏലിയാമ്മ ജേക്കബ് | – എറണാകുളം അങ്കമാലി അതിരൂപത |
| 3 | മേരി തോമസ് | – ഇരിങ്ങാലക്കുട രൂപത |
| 4 | പ്രേമ അലക്സാണ്ടർ | – തിരുവനന്തപുരം (ലത്തീൻ) അതിരൂപത |
| 5 | സി. ഫിൻബാർ സി.എം.സി | – പാലക്കാട് രൂപത |
| 6 | മാത്തുക്കുട്ടി സി.ഡി | – ഇടുക്കി രൂപത |
| 7 | സി. ആനി ജോർജ് എഫ്.സി.സി. | – എറണാകുളം അങ്കമാലി അതിരൂപത |

---

**1.. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

| | | |
|---|---|---|
| I | എറണാകുളം അതിരൂപത | – 65658 – 3,000 രൂപയും, മെമന്റോ |
| II | പാലാ രൂപത | – 40001 – 2,000 രൂപയും, മെമന്റോ |
| III | ഇരിങ്ങാലക്കുട രൂപത | – 37789 – 1,000 രൂപയും, മെമന്റോ |

**2. അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

| | | |
|---|---|---|
| I | രാമനാഥപുരം രൂപത | – 24.90 % – 3,000 രൂപയും, മെമന്റോ |
| II | കോഴിക്കോട് രൂപത | – 22.10 % – 2,000 രൂപയും, മെമന്റോ |
| III | പാലക്കാട് രൂപത | – 20.00 % – 1,000 രൂപയും, മെമന്റോ |

**3. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത ഇടവകൾ:**

I മർത്ത മറിയം ഫൊറോന ചർച്ച്, കുറവിലങ്ങാട് (പാല രൂപത)– 3,179 – 3000 രൂപയും, മെമന്റോ

II പരിശുദ്ധ സിന്ധുയാത്ര ചർച്ച്, വിഴിഞ്ഞം – 2316 – 1,000 രൂപയും, മെമന്റോ

III സെന്റ് ജേക്കബ് ചർച്ച്, പുല്ലുവിള – 2,153– 1,000 രൂപയും, മെമന്റോ

ലോഗോസ് ക്വിസ് 2017ന് ഉത്തരേന്ത്യയിലെ 6 രൂപതകൾ ഉൾപ്പെടെ 36 രുപതകളിൽ നിന്നായി ആകെ 504823 പേർ രജിസ്റ്റർ ചെയ്തു.

കേരളത്തിനു പുറത്തുനിന്ന് ഏറ്റവും കൂടുതൽ മാർക്കു നേടിയവർക്കുള്ള സ്വർണ മെഡൽ D വിഭാഗത്തിലെ ഡോ. സിന്ധു പോൾ (മാൻഡ്യ രൂപത) കരസ്ഥമാക്കി.

# KCBS ന്റെ പുതിയ പ്രസിദ്ധീകരണങ്ങൾ

ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കു സമ്മാനമായി റവ. ഡോ. ജോൺസൺ പുതുശ്ശേരി രചിച്ച 'വെളിപാട് വായനയ്ക്കൊരു വഴികാട്ടി' എന്ന പുസ്തകവും ലോഗോസ് വിജയികൾക്കുള്ള സമ്മാനങ്ങൾക്കായി റവ. ഡോ. ഹെന്റി പട്ടരുമഠത്തിൽ എസ്. ജെ രചിച്ച 'മലയിലെ പ്രസംഗം'വും റവ. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ രചിച്ച 'ജൂഡെയിസം' 'ചരിത്രവും ജീവിതവും' പ്രസിദ്ധീകരിച്ചു.










---

# ബൈബിൾ അംബാസിഡർ

ഈ വർഷം ബൈബിൾ സൊസൈറ്റിയിലേക്ക് ഒരു ലക്ഷം രൂപ നല്കി ബൈബിൾ അംബാസിഡറായ ശ്രീ. തോമസ് ഫിലിപ്പിന് ബൈബിൾ സൊസൈറ്റിയുടെ ആശംസകൾ. വചനശുശ്രൂഷയിൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന അദ്ദേഹം ആലുവയിൽ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് നടത്തുന്ന ഗ്രൂപ്പിന് നേതൃത്വം നല്കുന്നു. ശ്രീ. തോമസ് ഫിലിപ്പിന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു!



# പി.ഒ.സി. ബൈബിൾ പരിഷ്കരണം




പി.ഒ.സി. ബൈബിളിന്റെ പരിഷ്കരിച്ച പതിപ്പ് സ്റ്റഡി ബൈബിൾ ആയി തയ്യാറാക്കി കൊണ്ടിരിക്കുന്നു. ലൂക്കായുടെ സുവിശേഷം 'കരുണയുടെ സുവിശേഷം' എന്ന പേരിലും മത്തായിയുടെ സുവിശേഷവും പ്രസിദ്ധീകരിച്ചു. തുടർന്ന് യോഹന്നാന്റെ സുവിശേഷവും മർക്കോസിന്റെ സുവിശേഷവും പ്രസിദ്ധീകരിക്കാൻ തയ്യാറായി വരുന്നു.

പഴയനിയമ പരിഷ്കരണം ഊർജിതമായി നടക്കുന്നു. ഹീബ്രുഭാഷയിലെ മൂലഗ്രന്ഥത്തിൽനിന്നുള്ള പഞ്ചഗ്രന്ഥിയുടെ പരിഭാഷ ബൈബിൾ പണ്ഡിതർ പൂർത്തിയാക്കി. മറ്റുഗ്രന്ഥങ്ങളുടെ പരിഷ്കരണവും പുരോഗമിക്കുന്നു. ഡോ. ജോഷി മയ്യാറ്റിൽ കോ–ഓർഡിനേറ്റർ ആയ ടീമിലെ മറ്റംഗങ്ങൾ റവ. ഡോ. അബ്രാഹം പേഴുംകാട്ടിൽ, റവ. ഡോ. ആന്റണി തറേക്കടവിൽ, റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിയിൽ, റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ എന്നിവരാണ്. ഡോ. സിറിയക് വലിയകുന്നുമ്പുറത്തും ഈ ഉദ്യമത്തിൽ സഹായിക്കുന്നു.

---

## സ്നേഹനിർഭരമായ സ്വാഗതം

പി.ഒ.സി.യിലെ പഴയനിയമ പരിഷ്കരമണ ടീമിലേക്ക് പുതിയ ഒരംഗം കൂടി എത്തിച്ചേർന്നു. തലശ്ശേരി അതിരൂപതാംഗവും കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരി പ്രൊഫസറുമായ ഡോ. ആന്റണി തറേക്കടവിൽ ഏപ്രിൽ മാസം മുതൽ ബൈബിൾ പരിഭാഷയിൽ സഹായിച്ചുകൊണ്ടിരിക്കുന്നു. ജറുസലേമിൽനിന്ന് ബൈബിൾ പഠനം പൂർത്തിയാക്കിയ ആന്റണിയച്ചൻ നിരവധി ബൈബിൾ അധിഷ്ഠിതഗ്രന്ഥങ്ങളുടെ രചയിതാവാണ്.

---

## മാർ ജെയിംസ് ആനാംപറമ്പിൽ ആലപ്പുഴയുടെ സഹായ മെത്രാൻ



ബൈബിൾ പരിഭാഷാ പരിഷ്കരണത്തിനായി ബൈബിൾ കമ്മീഷനിൽ സ്തുത്യർഹമാംവിധം സേവനമനുഷ്ഠിക്കുന്നതിനിടയ്ക്ക് ആലപ്പുഴയുടെ സഹായമെത്രാനായി അഭിഷിക്തനായ അഭിവന്ദ്യ ജയിംസ് ആനാപറമ്പിൽ പിതാവിന് നന്ദിയുടെ ആയിരമായിരം നറുമലരുകൾ! പിതാവിന്റെ അഗാധമായ ബൈബിൾ പാണ്ഡിത്യം കേരളസഭയ്ക്ക് വിലയൊരു അനുഗ്രഹമാണ്.


## ലോഗോസ് 2018

- ലോഗോസ് ഗ്രൂപ്പ് ഫൈനൽ ടെലെക്വിസ്മത്സരങ്ങൾ
- ലോഗോസ് ഫമിലിയ, ലോഗോസ് പ്രതിഭ മത്സരങ്ങൾ
- ബധിരർക്കായി ലോഗോസ് മത്സരം

2017–ലെ ലോഗോസ് മത്സരങ്ങൾ ഗുഡ്നെസ് ടിവിയിൽ
തിങ്കളാഴ്ചകളിൽ രാത്രി 9 മണിക്ക്

